بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 6

ലക്കം 37

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 സെപ്റ്റംബർ 16/ഹി.ശം. 1400 തബൂക് 16/1443 സ്വഫ്ർ 08


## അല്ലാഹുവിന്റെ വചനം

وَاِذَا سَمِعُوۡا مَاۤ اُنۡزِلَ اِلَی الرَّسُوۡلِ تَرٰۤی اَعۡیُنَہُمۡ تَفِیۡضُ مِنَ الدَّمۡعِ مِمَّا عَرَفُوۡا مِنَ الۡحَقِّ ۚ یَقُوۡلُوۡنَ رَبَّنَاۤ اٰمَنَّا فَاکۡتُبۡنَا مَعَ الشّٰہِدِیۡنَ ○ (المائدہ 84)

'ഈ ദൈവദൂതന് അവതീർണമായത് അവർ കേൾക്കുമ്പോൾ അവർ സത്യം ഗ്രഹിച്ച കാരണത്താൽ അവരുടെ നയനങ്ങൾ ബാഷ്പം ഒഴുക്കുന്നതായി നിനക്കു കാണാം. ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളെ സാക്ഷികളുടെ കൂട്ടത്തിൽ രേഖപ്പെടുത്തേണമേ' എന്ന് അവർ പറയുന്നതാണ്.'(5:84)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### ദാനം, കുടുംബബന്ധം പുലർത്തൽ, ധനം ചെലവഴിക്കൽ എന്നിവയുടെ ശ്രേഷ്ഠത

(1436) ഹദ്റത്ത് ഹക്കീം ബിൻ ഹസ്സാം(റ) നിവേദനം. അദ്ദേഹം നബി(സ)തിരുമേനിയോടു ചോദിച്ചു: യാ റസൂലല്ലാഹ്! ഞാൻ അജ്ഞാനകാലത്ത് പുണ്യകർമമെന്ന നിലക്ക് ദാനം ചെയ്യുകയും അടിമകളെ മോചിപ്പിക്കുകയും കുടുംബബന്ധം പുലർത്തുകയും ചെയ്യാറുണ്ടായിരുന്നത് അങ്ങയ്ക്ക് അറിവുള്ളതാണല്ലോ? അതിന് എനിക്ക് പ്രതിഫലം ലഭിക്കുമോ? അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: മുമ്പേ നിർവഹിച്ച പുണ്യകർമങ്ങൾ കൊണ്ടുതന്നെയാണ് നീ ഇസ്‌ലാമിൽ പ്രവേശിച്ചിരിക്കുന്നത്.

(1443) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: പിശുക്കന്റേയും ദാനം ചെയ്യുന്നവന്റേയും ഉപമ രണ്ടു മനുഷ്യന്മാരെപ്പോലെയാണ്. അവർ ഇരുമ്പിന്റെ ഓരോ ജുബ്ബ ധരിച്ചിട്ടുണ്ട്. ആ ജുബ്ബ രണ്ടും അവരുടെ മാർവ്വിടം മുതൽ കഴുത്തിലെ എല്ലുവരേയുമുണ്ട്. ദാനശീലമുള്ളവൻ ദാനം ചെയ്യുമ്പോഴെല്ലാം ആ ജുബ്ബ വലിഞ്ഞു നീണ്ടിട്ട് അവന്റെ ശരിരീമാകെ മൂടും. അവന്റെ കൈവിരലുകളുടെ അറ്റങ്ങൾപോലും കുപ്പായത്തിനുള്ളിലാകും. ഭൂമിയിൽ പതിഞ്ഞു അവന്റെ കാലടികൾ ഈ കുപ്പായം ഭൂമിയിലൂടെ വലിച്ചിഴച്ച് കൊണ്ടുപോവുക കാരണം മാഞ്ഞുപോകും. എന്നാൽ, പിശുക്കൻ വല്ലതും ചെലവു ചെയ്യാൻ ഉദ്ദേശിക്കുന്ന പക്ഷം അവന്റെ ജുബ്ബയുടെ ഓരോ കണ്ണിയും അവയുടെ സ്ഥാനങ്ങളിലേക്ക് ചേർന്ന് ഒട്ടിപ്പിടിച്ച് നിൽക്കും. അവൻ കുപ്പായം വലിച്ചുനീട്ടി വികസിപ്പിക്കാനൊരുങ്ങും.പക്ഷേ, അത് വികസിക്കുകയില്ല. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സക്കാത്ത് 2008 ഖാദിയാൻ പ്രസിദ്ധീകരണം)*


ബദർ വീക്കിലി ഖാദിയാൻ

www.akhbarbadrqadian.in


## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 13-8-2021 സമ്പൂർണ പരിഭാഷ

സുപ്രധാന ചോദ്യങ്ങൾക്ക് മറുപടി: അമീറുൽമുഅ്മിനീൻ

റിപ്പോർട്ട് വെർച്വൽ കൂടിക്കാഴ്ച

അമീറുൽമുഅ്മിനീന്റെ യൂറോപ്യൻ പര്യടന റിപ്പോർട്ട്


**നേരായ പാതയിൽ നടക്കുകയും അത് തേടുകയുമാണ് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും. ഇത് ഈ അധ്യായത്തിൽ ഈ വാക്കുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നു:**

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ

**അല്ലാഹുവേ! ഞങ്ങൾക്ക് നേരായ മാർഗം കാട്ടിത്തന്നാലും; നീ അനുഗ്രഹിച്ചവരുടെ മാർഗം!**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അല്ലാഹുവിന്റെ സ്നേഹവും കൃപയും

മുബഹബ്ബത്ത് അഥവാ സ്നേഹം എങ്ങനെയുള്ള സംഗതിയാണെന്നാൽ അത് മനുഷ്യന്റെ ഹീനമായ ജീവിതത്തെ കത്തിച്ചു ചാമ്പലാക്കി അവനെ ഒരു പുതിയതും ദൈവാരാധകനുമായ മനുഷ്യനാക്കിത്തീർക്കുന്നു. പിന്നീടവൻ ആദ്യം കാണാതിരുന്നത് കാണുന്നു. ആദ്യം കേൾക്കാതിരുന്നത് കേൾക്കുന്നു. ചുരുക്കത്തിൽ അല്ലാഹു കൃപയുടേയും ഉദാരതയുടേയും ഏതൊരു ഭക്ഷണത്തളികയാണോ മനുഷ്യന് തയ്യാറാക്കി വെച്ചിട്ടുള്ളത് അത് കരസ്ഥമാക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും അവന് കഴിവുകളും പ്രദാനം ചെയ്തിരിക്കുന്നു. അവൻ കഴിവുകൾ പ്രദാനം ചെയ്യുകയും പക്ഷേ, സാധനസാമഗ്രികൾ ഉണ്ടാകാതിരിക്കുകയും ചെയ്താലും അതൊരു ന്യൂനതയാകുമായിരുന്നു. അല്ലെങ്കിൽ സാധനസാമഗ്രികൾ ഉണ്ടാകുകയും കഴിവുകൾ നല്കാതിരിക്കുകയും ചെയ്താലും അങ്ങനെതന്നെയാകുമായിരുന്നു. എന്നാൽ, അങ്ങനെ ചെയ്തില്ല. കഴിവുകളും നല്കി, സാധനസാമഗ്രികളും ലഭ്യമാക്കി. എങ്ങനെയെന്നാൽ ഒരു ഭാഗത്ത് ഭക്ഷണത്തിന്റെ സാധനങ്ങളുണ്ടാകുകയും മറുഭാഗത്ത് നാവും പല്ലും വയറും നല്കുകയും ചെയ്തു. കരളിനേയും കുടലുകളേയും ജോലി ചെയ്യാനാക്കുകയും ചെയ്തു. ഈ സകല ജോലികളുടേയും അച്ചുതണ്ട് ഭക്ഷണത്തിനുമേൽവെച്ചു. ഉള്ളിൽ ഒന്നുംതന്നെ പോകുന്നില്ലെങ്കിൽ ഹൃദയത്തിൽ രക്തം എവിടെന്ന് വരാനാണ്?

ഇപ്രകാരം ഏറ്റവുമാദ്യം അവൻ ചെയ്ത കൃപ നബി(സ)തിരുമേനിയെ ഇസ്‌ലാം എന്ന സമ്പൂർണ മതം നല്കി അയച്ചു എന്നതാണ്. ആ മഹാത്മാവിനെ നബിമാരിൽ അതിശ്രേഷ്ഠനാക്കുകയും വിശുദ്ധ ഖുർആൻ പോലുള്ള തികവുറ്റതും അതിശ്രേഷ്ഠവുമായ ഗ്രന്ഥം നല്കുകയും ചെയ്തു. ഇനി ലോകാവസാനംവരെ ഒരു ഗ്രന്ഥവും വരികയില്ല. പുതിയ ന്യായപ്രമാണവുമായി ഒരു നബിയും വരികയില്ല. പിന്നെ ചിന്താശക്തികളും ഗ്രാഹ്യശക്തികളും കൊണ്ട് നമ്മൾ പ്രവൃത്തിക്കാതിരിക്കുകയും അല്ലാഹുവിലേക്ക് ചുവടുകൾ വെക്കാതിരിക്കുകയുമാണെങ്കിൽ അത് എത്രമാത്രം അലസതയും മടിയും നന്ദികേടുമാണ്.

### മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം

ചിന്തിക്കുക! അല്ലാഹു ഈ ആദ്യത്തെ അധ്യായത്തിൽത്തന്നെ നമുക്കുവേണ്ടി എത്രമാത്രം വിശാലമായ രീതിയിലാണ് ഫള്ൽ അഥാവ കൃപയുടെ വഴി പറഞ്ഞുതന്നിട്ടുള്ളത്. ഖാത്തമുൽ കിതാബെന്നും ഉമ്മുൽ കിതാബെന്നും പേരുള്ള ഈ സൂറത്തിൽ മനുഷ്യന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്താണെന്നും അതു കരസ്ഥമാക്കാനുള്ള വഴിയെന്താണെന്നും വ്യക്തമായ നിലയിൽ പറഞ്ഞു. 'ഇയ്യാക്ക നഅ്ബുദു' എന്നത് മനുഷ്യപ്രകൃതിയുടെ യഥാർഥ തേട്ടവും ഇച്ഛയുമാകുന്നു. 'ഇയ്യാക്ക നസ്ത്തയീൻ' കുടാതെ അതു പൂർത്തിയാകുകയില്ല. പക്ഷേ, ഇയ്യാക്ക നഅ്ബുദുവിനെ ഇയ്യാക്ക നസ്തയീനു മുമ്പേ വെച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത് ഏറ്റവുമാദ്യം ആവശ്യമായിട്ടുള്ളത് മനുഷ്യൻ തന്റെ കഴിവും പ്രാപ്തിയും അറിവുമനുസരിച്ച് ദൈവാഭീഷ്ടത്തിന്റെ മാർഗങ്ങൾ സ്വായത്തമാക്കുന്നതിന് പരിശ്രമിക്കുകയും കഠിനാധ്വാനം ചെയ്യുകയും ദൈവദത്തമായ കഴിവുകളെ പൂർണമായും പ്രയോജനപ്പെടുത്തുകയും വേണമെന്നാണ്. അതിനുശേഷം അല്ലാഹുവിൽനിന്ന് അതിന്റെ പരിപൂർത്തിക്കും ഫലപ്രദമാകുന്നതിനുംവേണ്ടി ദുആചെയ്യേണ്ടതാണ്. നേരായ പാതയിൽ നടക്കുകയും അത് തേടുകയുമാണ് മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും. ഇത് ഈ അധ്യായത്തിൽ ഈ വാക്കുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നു: ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീമ സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം അല്ലാഹുവേ! ഞങ്ങൾക്ക് നേരായ മാർഗം കാട്ടിത്തന്നാലും;നീ അനുഗ്രഹിച്ചവരുടെ മാർഗ! എല്ലാ നേരവും എല്ലാ നമസ്കാരത്തിലും എല്ലാ റക്അത്തിലും തേടാറുള്ള ദുആയാണിത്. ഇത്രമാത്രം ഇതിന്റെ ആവർത്തനംതന്നെ ഇതിന്റെ പ്രാധാന്യം പ്രകടിപ്പിക്കുന്നു.

*(മൽഫൂദാത്ത്, വാല്യം 1, പേജ് 321, ഖാദിയാൻ പ്രസിദ്ധീകരണം 2018)*

اِنَّا نَحۡنُ نَزَّلۡنَا الذِّکۡرَ وَاِنَّا لَہٗ لَحٰفِظُوۡنَ

**ഈ വചനം ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള ഒരു ഉഗ്രൻ തെളിവാണ്. വിശുദ്ധ ഖുർആൻ നിരക്ഷരരിൽ അവതരിക്കുകയും എല്ലാ രീതിയിലും സുരക്ഷിതമായിരിക്കുകയും ചെയ്യുന്നത് അത് അല്ലാഹുവിൽനിന്നുള്ളതാണെന്നതിന് എത്രവലിയ തെളിവാണ്. എന്നാൽ, തൗറാത്തും ഇഞ്ചീലും അതിന്റെ കാലഘട്ടത്തിലെ അറിവുള്ള ജനതകളിൽവന്നു. പക്ഷേ, സുരക്ഷിതമായി നിലനിന്നില്ല.**

സൂറത്തുൽ ഹിജ്റിന്റെ 10-ാം വചനമായ, اِنَّا نَحۡنُ نَزَّلۡنَا الذِّکۡرَ وَ اِنَّا لَہٗ لَحٰفِظُوۡنَ എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇത് ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള ഒരു ഉഗ്രൻ തെളിവാണ്. പക്ഷപാതിയല്ലാത്തൊരാൾ ഈ ആയത്തിൽ ചിന്തിക്കുകയാണെങ്കിൽ ഈ വാദം മാനുഷികമല്ലെന്ന് മനസ്സിലാകും. എല്ലാ വ്യാഖ്യാതാക്കളും ഈ സൂറത്ത് മക്കയിൽ അവതരിച്ചതാണെന്നതിൽ യോജിക്കുന്നു. ഇബ്നു ഹിശാം വിവരിക്കുന്നു:ഈ ആയത്ത് നുബുവ്വത്ത് വാദത്തിന്റെ നാലാം വർഷം ഇറങ്ങിയതാണ്...ആധുനികഗവേഷകർ അറബികളും യൂറോപ്യൻ എഴുത്തുകാരും ഖുർആൻ വ്യാഖ്യാതാക്കളോടൊപ്പം ചേർന്ന് ഐകകണ്ഠ്യേന പറയുന്നത് ഈ സൂറത്ത് മക്കിയാണെന്നാണ്. മക്ക ജീവിതത്തിന്റെ അവസാന വർഷവും അങ്ങേയറ്റം ഭയാനകം

ശേഷം പേജ് 12 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

**ഖുത്ബ ജുമുഅ**

ഞാൻ എല്ലാ പ്രവർത്തകർക്കും നന്ദി പറയുകയാണ്; പുരുഷന്മാർക്കും സ്ത്രീകൾക്കും!
ഈ ദുർഘടം പിടിച്ചതും കാലാവസ്ഥ പ്രതികൂലമായിട്ടുള്ളതുമായ അവസ്ഥയിലും എല്ലാവരും നിസ്വാർഥരായി ജോലി ചെയ്തു. ജൽസയോടുള്ള കടമകൾ നിറവേറ്റി.

**2021 യു.കെ. ജൽസസാലാനയെ കുറിച്ച് വിവിധ രാജ്യങ്ങളിൽനിന്ന് ലഭിച്ച സ്വന്തക്കാരുടേയും അന്യരുടേയും വികാരങ്ങളും പ്രതികരണങ്ങളും, അപ്രകാരംതന്നെ ജൽസ കേട്ടതിന്റെ സന്തോഷകരമായ ഫലങ്ങളുടേയും വിവരണവും**

അന്യരും **MTA** യിൽ ആകർഷിതരാണ്. അവരും ആത്മീയമായ ഭക്ഷണത്തളികയെ പ്രയോജനപ്പെടുത്താനാഗ്രഹിക്കുന്നു. അവർ അതിൽനിന്ന് ഫലമെടുക്കുകയും ചെയ്യുന്നു. ആത്മീയമായ നിലയിൽ അഭിവൃദ്ധിപ്പെടണമെങ്കിൽ ഇതുതന്നെയാണ് അഭിവൃദ്ധിയുടെ ഒരു രഹസ്യം. അഹ്മദികളും **MTA** യിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ഈ വർഷം ആദ്യമായി **LiveStreaming** മുഖേന വിവിധ ജമാഅത്തുകൾ അവരവരുടെ സ്ഥലങ്ങളിലിരുന്ന ജൽസയിൽ പങ്കെടുത്തു.

അല്ലാഹുവിന്റെ കൃപയാൽ **MTA** ആഫ്രിക്കയ്ക്കു പുറമെ മറ്റു തദ്ദേശ ചാനലുകളും ജൽസാസാലാനയുടെ പരിപാടികൾ സംപ്രേഷണം ചെയ്തു.

ആഫ്രിക്കയിൽ 50 മില്യണിലധികമാളുകളുടെ ഭാഷയായ 'ബാഉസാ'യിൽ ആദ്യമായി ജൽസാ പരിപാടികൾ തൽസമയം തർജമ ചെയ്യപ്പെട്ടു.

അല്ലാഹു ഈ ജൽസയുടെ ദീർഘമായ ഫലങ്ങളും ഉണ്ടാക്കുമാറാകട്ടെ. അഹ്മദിയ്യത്തിലേക്കും യഥാർഥ ഇസ്ലാമിലേക്കും മുമ്പത്തെക്കാളധികം സൗഭാഗ്യവാന്മാരുടെ ശ്രദ്ധ ഉണ്ടാകുമാറാകട്ടെ. നാമധാരികളായ ഉലമാഇന്റെ ഉപദ്രവങ്ങളിൽനിന്ന് ജമാഅത്തിനേയും സൗഭാഗ്യവാന്മാരേയും സുരക്ഷിതമായി വെക്കുമാറാകട്ടെ.

ഇസ്ലാമിനെ ഇക്കാലത്ത് ഒരു ലീഡറിന്റെ ആവശ്യമുണ്ട്. അത് അഹ്മദിയ്യാ ജമാഅത്തിന്റെ കൈയിൽ ഖലീഫായുടെ രൂപത്തിലുണ്ട്. മുഴുലോകത്തുമുള്ള മുസ്ലിമീങ്ങൾക്ക് അതിൽ സംഘടിക്കാൻ കഴിയും.

ഹാജരായിരുന്നവരെ മുഅല്ലിം സാഹിബ് ഇടവേളയിൽ ബയ്അത്തിന്റെ നിബന്ധനകൾ തദ്ദേശ ഭാഷയിൽ തർജമ ചെയ്തു കേൾപ്പിച്ചു. ജമാഅത്തിൽചേർന്നിട്ടില്ലാത്ത ആ ആളുകൾ പറഞ്ഞു: 'ഇതു ഇസ്ലാമിന്റെ ചുരുക്കമാണ്. ഇതിൽ സാമൂഹികജീവിതം നല്ല രീതിയിൽ നയിക്കുന്നതിനുള്ള മാർഗദർശനമുണ്ട്. അവർ പറഞ്ഞു: ഇതനുസരിച്ച് കർമങ്ങൾ ചെയ്യേണ്ടത് ഓരോരുത്തർക്കും നിർബന്ധമാണ്.' അങ്ങനെ ജൽസയ്ക്കുശേഷം അവർ ബയ്അത്ത് ചെയ്തു.

സ്റ്റേജിൽ വലിയ അക്ഷരത്തിൽ ഖാത്തമുന്നബിയ്യീൻ എന്നെഴുതിയിട്ടുള്ളത് അഹ്മദിയ്യാ ജമാഅത്തിനെ കാഫിർ എന്നു പറയുകയും ഭീകരവാദ സംഘടനയെന്നു മുദ്രകുത്തുകയും ചെയ്യുന്നവർക്കുള്ള മറുപടിയാണ്. ഇനി ഇൻശാഅല്ലാഹ് **MTA** മുഖേന ജമാഅത്തിനെ കുറിച്ചുള്ള ഒരുപാട് തെറ്റായധാരണകൾ അകലുന്നതാണ്.

ഈ വർഷം വളരെ വ്യത്യസ്തമായ നിലയിൽ സംഘടിപ്പിക്കപ്പെട്ട ജൽസ മുഖേന അല്ലാഹുവിന്റെ അനുഗ്രഹകവാടങ്ങൾ എപ്രകാരം തുറന്നെന്നാൽ അതുകണ്ടവർ അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് അവനു മുമ്പിൽ കുനിയുന്നു.

**ഖുത്ബ ജുമുഅ 2021 ആഗസ്റ്റ് 13/1400 ളുഹൂർ 13,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

അൽഹംദുലില്ലാഹ്! ഒരു വർഷത്തെ ഇടവേളയ്ക്കുശേഷം, അങ്ങനെയല്ല രണ്ടുവർഷം എന്നുവേണം പറയാൻ, യു.കെ. അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാസാലാന കഴിഞ്ഞ ജുമുഅയ്ക്ക് ആരംഭിക്കുകയും മൂന്നുദിവസം ആത്മീയാന്തരീക്ഷം സമ്മാനിച്ചുകൊണ്ട് ഞായറാഴ്ച സമാപിക്കുകയും ചെയ്തു. 2020-ൽ കൊറോണ വൈറസുകാരണം ജൽസാ നടത്താൻ കഴിഞ്ഞില്ല. ഇപ്പോഴും ഏകദേശം അതേ സ്ഥിതിഗതികൾത്തന്നെയായതിനാൽ ഈ വർഷവും ജൽസ നടക്കില്ലെന്നാണ് അതിന്റെ സംഘാടകർ കരുതിയിരുന്നത്. ഈ ചിന്താഗതി കാരണം അതിന്റെ തയ്യാറെടുപ്പുകളിലേക്ക് ശ്രദ്ധയുമുണ്ടായിരുന്നില്ല. അക്കാര്യം ഞാൻ കഴിഞ്ഞ ഖുത്ബയിലും സൂചിപ്പിച്ചിരുന്നു. എന്തായാലും ഇൻശാഅല്ലാഹ് ജൽസ നടക്കുമെന്ന് അവരോടു പറഞ്ഞപ്പോൾ അവർ അതിനുള്ള തയ്യാറെടുപ്പുകളും തുടങ്ങി. എന്നാൽ, അവർ പൂർണമനസ്സോടെ വേണ്ടുന്ന തയ്യാറെടുപ്പുകൾ നടത്തുന്നില്ലെന്ന് തന്നെയാണ് എനിക്കു തോന്നിയത്. സംഘാടകസമിതിതന്നെ ഇങ്ങനെ അയഞ്ഞ മട്ടിലായാൽ അതിന്റെ പ്രവർത്തകരും അതേ ചിന്തവെച്ചുപുലർത്തുമോ എന്ന് എനിക്ക് ആശങ്കയുമുണ്ടായിരുന്നു. എന്നാൽ, ഇൻശാഅല്ലാഹ് അല്ലാഹു ജൽസയുടെ സംവിധാനങ്ങൾ നല്ലനിലയിൽ നടത്തിപ്പിക്കുമെന്ന് എനിക്ക് നല്ല പ്രതീക്ഷ ഉണ്ടായിരുന്നു. അക്കാരണത്താൽ ഒരു സന്ദർഭത്തിൽ എനിക്ക് സംഘാടകരോടു കർശനമായി 'നിങ്ങൾ ഇപ്രകാരം താൽപര്യക്കുറവോടെ പ്രവർത്തിക്കുകയും ജൽസ ഉണ്ടാകുമോ എന്ന് നോക്കിയിരിക്കുകയും അതുപോലെ നിരാശാജനകമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുകയും ചെയ്യുകയാണെങ്കിൽ ഞാൻ വേറെ സംഘാടകരെ നിശ്ചയിക്കുമെന്ന്' പറയേണ്ടിയും വന്നു. എന്തായാലും എന്റെ വാക്കുകൾ അവരിൽ വലിയ ആഘാതം സൃഷ്ടിക്കുകയും

അതിദ്രുതം പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. പതിവില്ലാത്തവിധം വൈകിയാണ് തുടങ്ങിയതെന്നു മാത്രം! താഴെ തട്ടിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്ന വളണ്ടിയർമാർ, അവരാണ് യഥാർഥ ശക്തി അതുപോലെ മേൽപവറും! അവർ ഇതേ കുറിച്ച് മുമ്പേ ചിന്താകുലരായിരുന്നുവെന്ന് തോന്നി. അതുപോലെ ജൽസയുടെ ഒരുക്കങ്ങൾ ചെയ്യാൻ ഉടനടി നാലുഭാഗത്തുനിന്നു വാളണ്ടിയർമാരും എത്തിച്ചേർന്നു. ജൽസാദിനങ്ങൾക്കുവേണ്ടിയുള്ള ഡ്യൂട്ടിക്കാരുടെ നീണ്ട നിരകളുണ്ടായി. ജൽസാ ചെറിയതോതിലായിരുന്നതിനാൽ അതിനുവേണ്ടിയുള്ള പ്രവർത്തകരെ എങ്ങനെ തിരഞ്ഞെടുക്കണമെന്ന കാര്യത്തിലും ബുദ്ധിമുട്ടുണ്ടായി. പുരുഷന്മാരും അതുപോലെ ലജ്നഅംഗങ്ങളും തങ്ങൾക്കുവേണ്ട പ്രവർത്തകരെ തിരഞ്ഞെടുത്തു. ലജ്നകൾ ഏതാണ്ട് അഞ്ചിലൊരുഭാഗവും പുരുഷന്മാർ ഏകദേശം മൂന്നിലൊരുഭാഗവും പ്രവർത്തകരുടെ എണ്ണം വെട്ടിക്കുറച്ചു. അതിന് എടുക്കപ്പെടാത്തവർ നിരാശരുമായി. അവർക്ക് സേവനത്തിനുള്ള അവസരം ലഭിച്ചില്ല. അതുകൊണ്ട് ഞാനിവിടെ അത്തരം എല്ലാ സ്ത്രീപുരുഷന്മാരോടും കുട്ടികളോടും ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്, കുട്ടികൾക്കും ഡ്യൂട്ടികൊടുക്കുന്നതാണ്. (നിങ്ങൾ മനസ്സിലാക്കുക) അല്ലാഹു നിയ്യത്ത് അഥവാ ഉദ്ദേശ്യശുദ്ധിയനുസരിച്ചാണ് പ്രതിഫലം നല്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കുക എന്ന നിങ്ങളുടെ നിയ്യത്ത് പൂർത്തിയായി. ചില കാരണങ്ങളാൽ നിങ്ങൾക്കതിന് അവസരം ലഭിച്ചില്ല. എന്നാൽ, നിങ്ങളുടെ നിയ്യത്തുകാരണം അല്ലാഹു നിങ്ങളെ തൽകാര്യത്തിന്റെ പ്രതിഫലത്തിൽനിന്ന് ഹതഭാഗ്യരാക്കുകയില്ല. എന്തായാലും അത്തരം എല്ലാവരേയും അവരുടെ സേവനമനോഭാവത്തിന് ഉത്തമമായ പ്രതിഫലം നല്കട്ടെ എന്ന് ദുആ ചെയ്യുകയാണ്. രണ്ടാമത്തെ കാര്യം തൊട്ടടുത്ത ജുമുഅയിൽ പ്രവർത്തകർക്കുള്ള നന്ദിയും പൊതുവെ ഞാൻ പറയാറുണ്ട്. പലരും വിവിധ വകുപ്പുകൾക്കു കീഴിൽ പണിയെടുത്തു. ചിലർ തുടർന്നുള്ള പ്രവർത്തനങ്ങളിലുമാണ്. ഇതേ കുറിച്ച് പലരും എനിക്കെഴുതുന്നുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്ന് സേവകർക്ക് നന്ദി അറിയിച്ചുകൊണ്ടും ഏതു വിഭാഗത്തിനുകീഴിലായാലും സേവനം ചെയ്തവർ തങ്ങളുടെ കടമ പൂർത്തിയാക്കാൻ ശ്രമിച്ചെന്ന് സൂചിപ്പിച്ചുകൊണ്ടും എനിക്കു കത്തുകൾ വരുന്നുണ്ട്. മഴ കാരണം ഒരു സമയത്ത് പാർക്കിംഗിൽനിന്ന് കാറുകളെടുത്തു മാറ്റുന്നത് വലിയ പ്രശ്നമായി മാറിയിരുന്നു. ആ അവസരത്തിൽ വാളണ്ടിയർമാർ അസാധാരണമായ നിലയിൽ പ്രവർത്തിച്ചു. അക്ഷരാർഥത്തിൽ കാറുകൾ ചെളിയിൽനിന്ന് പൊക്കിമാറ്റുകയാണ് ചെയ്തത്. അക്കാര്യത്തിന് ഇതരവകുപ്പിൽനിന്ന് ഒഴിവുള്ളവരും കൂടിയിരുന്നു. പിന്നീട് നിലവിലെ പാർക്കിംഗിന്റെ അവസ്ഥ കണക്കിലെടുത്ത് മറ്റൊരു സ്ഥലത്ത് പാർക്കിംഗിനുള്ള സംവിധാനം ഒരുക്കുകയാണുണ്ടായത്. എന്തായാലും ആദ്യദിവസവും രണ്ടാം ദിവസവും പാർക്കിംഗിൽ വന്നിരുന്ന കാറുകൾ നീക്കം ചെയ്യാൻ കുറച്ചുസമയം വളരെ പ്രയാസപ്പെട്ടു. ആ പ്രയാസനിമിഷങ്ങളെ ക്യാമറ കണ്ണുകൾ കാണുകയും എം.ടി.എ അത് ലോകസമക്ഷം അവതരിപ്പിക്കുകയും ചെയ്തു. അതുകണ്ട് ലോകത്തിലെ വിവിധരാജ്യങ്ങളിലെ അഹ്മദികളും അന്യരും ഒരുപോലെ അമ്പരന്നുപോയി. മാത്രമല്ല അനഹ്മദികളും അമുസ്ലിമീങ്ങളും ആ ദൃശ്യം കണ്ട് അഭിപ്രായപ്പെട്ടത് ഇന്നത്തെ കാലത്ത് ഇത്തരം ഒരു ദൃശ്യം അവിശ്വസനീയമാണെന്നായിരുന്നു. ഓഫീസർമാരും മറ്റുപ്രവർത്തകരും ഒരുപോലെ കാറുകൾ ചെളിയിൽനിന്ന് എടുത്തുമാറ്റാനായി സ്വയം ചെളിയിൽ കുളിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് അല്ലാഹു ഒരു ഉന്മാദമായ അഭിനിവേശവും നല്കിയിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുന്നവരാണ് ഇക്കൂട്ടർ.

ഇതുപോലെ വേറേയും വകുപ്പുകളുണ്ട്. ശുചിത്വവിഭാഗം, ഭക്ഷണവിതരണം ചെയ്യുന്ന കാറ്ററിംഗ് വിഭാഗം, ഭക്ഷണം പാചകം ചെയ്യുന്ന വിഭാഗം, റൊട്ടിനിർമാണ വിഭാഗം. ജൽസാ ഒരുക്കത്തിന്റെ ഏറ്റവും സുപ്രധാനമായ വിഭാഗങ്ങളാണ് ടെന്റുകൾ കെട്ടുക, ട്രാക്കും മറ്റും വിരിക്കുക എന്നതും പ്രാരംഭഘട്ടത്തിലുള്ള ഈ പ്രവർത്തനങ്ങളും ജൽസയുടെ മുഴുവൻ സംവിധാനവും ഒരുക്കുന്നതുമൊക്കെ! അതിന് സ്ഥിരമായി ആഴ്ചകളോളം വളണ്ടിയർമാർ വന്നുകൊണ്ടേയിരുന്നു. ഇനിയിപ്പോൾ എല്ലാം വൈന്റപ്പ് ചെയ്യുന്നതിനുവേണ്ടി ഒരു പാട് ദിവസമെടുക്കും. ഇതുപോലെ വിവിധ വകുപ്പുകളുണ്ട്. അവരുടെയൊക്കെ പ്രവർത്തനങ്ങൾ എം.ടി.എ യിലൂടെയുള്ള തൽസമയം സംപ്രേഷണം കണ്ട ലോകത്തുള്ള എല്ലാവരും വളരെ പ്രഭാവിതരാകുകയുണ്ടായി. ഇവിടെ വന്ന അതിഥികളും അതിന് നന്ദി പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. എം.ടി.എ ലോകസമക്ഷം ആ ദൃശ്യങ്ങൾ കാഴ്ചവെക്കാനും വ്യത്യസ്ത ഭാഗങ്ങളിലുള്ള ദൃശ്യസംയോജനത്തിനുമെല്ലാം കഠിനാധ്വാനം ചെയ്യുകയുണ്ടായി. അക്കാര്യങ്ങൾ യഥാർഹം എം.ടി.എ നിർവഹിച്ചു. ലോകത്തിനു ജൽസ കാണിച്ചുകൊടുത്തുവെന്ന് മാത്രമല്ല ലോകത്തുള്ള വിവിധ രാജ്യങ്ങളിൽ ജൽസാപരിപാടികൾ കാണാൻ ഒരുമിച്ചുകൂടിയിരിക്കുന്നവരേയും ഞങ്ങൾക്കിവിടെ ജൽസാഗാഹിലും കാണിച്ചുതന്നു. അക്കാര്യത്തിന് ലോകവും സാക്ഷ്യം വഹിച്ചു. അങ്ങനെ ജൽസയുടെ മുഴുവൻ കവറേജും ആദ്യഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾ, ജൽസ നടക്കുമ്പോഴുണ്ടായ പ്രവർത്തനങ്ങൾ, ജൽസാഗാഹിൽനടന്ന തഅ്ലീം തർബിയ്യത്ത് പരിപാടികൾ, പ്രഭാഷണങ്ങൾ തുടങ്ങിയവയെല്ലാം എം.ടി.എ സംപ്രേഷണം ചെയ്തപ്പോൾ പ്രേക്ഷകരായ അഹ്മദികളും മറ്റുള്ളവരും അത്ഭുതപ്പെടുകയും ഈ ദൃശ്യങ്ങൾ അവർക്കു കാണിച്ചു കൊടുത്തതിന് നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

ഇതുമുഖേന ഒരു വിസ്മയകരമായ ആഗോളഭവനത്തിന്റെ സങ്കല്പം രൂപം കൊണ്ടു. ഞാൻ സ്ത്രീപുരുഷന്മാരായ എല്ലാ പ്രവർത്തകർക്കും നന്ദി അറിയിക്കുകയാണ്. പ്രതികൂല സാഹചര്യത്തിലും അടിയന്തരമായ തീരുമാനമായിരുന്നു അവരെ സംബന്ധിച്ചിടത്തോളം ഇത്. എങ്കിലും അവർ എല്ലാ രംഗത്തും കർമനിരതരായി. കാലാവസ്ഥയും മോശമായിരുന്നു. ഇതൊക്കെയായിട്ടും എല്ലാവരും നിസ്വാർഥരായി പ്രവൃത്തിച്ചു. ജൽസാ ഡ്യൂട്ടിയോടുള്ള കടമകൾ നിറവേറ്റി. ഈ ജൽസകണ്ട പ്രേക്ഷകരുടെ ഭാഗത്തുനിന്നുള്ള നന്ദിയും ഞാനറിയിക്കുകയാണ്. നന്ദി അറിയിച്ചുകൊണ്ടുള്ള ഒരുപാട് കത്തുകൾ എനിക്കു വരുന്നുണ്ട്. പ്രവർത്തകരോടുള്ള നന്ദി അറിയിച്ചശേഷം ഇന്ന് ഞാൻ പതിവുപോലെ ഖുത്ബയുടെ വിഷയത്തിലേക്ക് കടക്കാമെന്നായിരുന്നു വിചാരിച്ചത്. എന്നാൽ, ലോകത്തുള്ള വിവിധ രാജ്യങ്ങളിൽനിന്നു ജൽസയെ കുറിച്ചുള്ള അഭിപ്രായങ്ങളും പരിപാടികൾ കണ്ട ശേഷമുള്ള സൽഫലങ്ങളും അതുപോലെ ജമാഅത്തിന്റെ അകത്തും പുറത്തുമുള്ളവരുടെ അനിതരസാധാരണമായ വികാരപ്രകടനങ്ങളും എത്ര വിപുലമായ നിലയിൽ ഒട്ടനവധി റിപ്പോർട്ടുകളായും കത്തുകളുമായും വന്നെന്നാൽ ഞാൻ തീരുമാനിച്ചത് ഈ ഖുത്ബയിലും എപ്പോഴുമെന്നപോലെ ജൽസയെ കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങളേയും അതിലുണ്ടായ ദൈവാനുഗ്രഹങ്ങളേയും സംബന്ധിച്ച് വിവരിക്കാമെന്നാണ്. അതിനുവേണ്ടി കുറച്ചു കാര്യങ്ങൾ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു.

ഈ വർഷം വളരെ വ്യത്യസ്തമായ നിലയിൽ സംഘടിപ്പിക്കപ്പെട്ട ജൽസ മുഖേന അല്ലാഹുവിന്റെ അനുഗ്രഹകവാടങ്ങൾ എപ്രകാരം തുറന്നെന്നാൽ അതുകണ്ടവർ അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് അവനു മുമ്പിൽ കുനിയുന്നു. അല്ലാഹു ഈ പ്രതികൂല സാഹചര്യത്തിലും എപ്രകാരമാണ് ജമാഅത്തിനുമേൽ അനുഗ്രഹം ചൊരിയുന്നതെന്ന് നോക്കുക. ഇത്തവണ പൊതുവെ ഒരു കുറവുണ്ടായതായി ആളുകളെല്ലാവരും പറഞ്ഞിട്ടുള്ളത് ആഗോള ബയ്അത്ത് നടന്നില്ലെന്ന കാര്യമാണ്. അതിന് അവർ പ്രതീക്ഷയോടെ കാത്തിരുന്നതാണ്. ഈ സാഹചര്യത്തിൽ ബയ്അത്ത് നടത്തുക പ്രയാസകരമായിരുന്നു. നിർബന്ധിത സാഹചര്യമായിരുന്നു.

ഇനി ഞാൻ ചുരുങ്ങിയ നിലയിൽ ചില റിപ്പോർട്ടുകളും അനുഭവക്കുറിപ്പുകളും ഇവിടെ സമർപിക്കുന്നതാണ്. ഇതു ആദ്യമായാണ് ലൈവ് സ്ട്രീം വഴി മറ്റു ജമാഅത്തുകളും ജൽസയിൽ പങ്കെടുക്കുന്നത്. അതായത് അവർ സ്വന്തം സ്ഥലത്തിരുന്ന് ജൽസ കാണുകയും അതോടൊപ്പം ഇവിടെ ജൽസാഗാഹിലുള്ള സ്ക്രീനിൽ അവരെ കാണാനാകുകയും ചെയ്തിരുന്നു. യു.കെ.യിൽത്തന്നെ ഒരുമിച്ചുകൂടിയിരുന്ന് ജൽസാ കേൾക്കാനായി അഞ്ചു സ്ഥലങ്ങളിൽ സംവിധാനമൊരുക്കിയിരുന്നു. മറ്റു രാജ്യങ്ങളിലും ഒരുപാട് മണിക്കൂർ സമയവ്യത്യാസമുണ്ടായിരുന്നിട്ടുകൂടി എല്ലാവരും ഒത്തുകൂടി ഒരുമിച്ചിരുന്ന് ജൽസ കാണുന്നുണ്ടായിരുന്നു. അതിൽ ഓസ്ട്രേലിയ(Australia), ഇന്തൊനീഷ്യ(Indonesia), ഗ്വാട്ടിമാല (Guatemala), ബംഗ്ലദേശ്(Bangladesh) എന്നീ രാജ്യങ്ങളുമുണ്ടായിരുന്നു. യു.കെ. കൂടാതെ 22 രാജ്യങ്ങളിലെ 37 സ്ഥലങ്ങളിൽ ലൈവ്സ്ട്രീം വഴി ജമാഅത്തംഗങ്ങൾ ജൽസാസാലാനയിൽ പങ്കെടുക്കുകയുണ്ടായി. സ്ത്രീകളുടെ ഭാഗത്തുനിന്ന് ഇത്തവണ ലൈവ്സ്ട്രീമിന്റെ സംവിധാനം ആദ്യമായുണ്ടായി. അതിൽ സ്ത്രീകൾ വളരെ സന്തോഷം പ്രകടിപ്പിച്ചു. വിവിധ രാജ്യങ്ങളിൽനിന്ന് സ്ത്രീകൾ പങ്കെടുത്തു. ഒരു കണക്കനുസരിച്ച് സ്ത്രീകളുടെ സ്റ്റേജിലുണ്ടായിരുന്ന പ്രഭാഷണങ്ങളും അവരുടെ പരിപാടികളും 35000 സ്ത്രീകൾ കാണുകയും കേൾക്കുകയും ചെയ്തു. അങ്ങനെ പങ്കെടുത്ത രാജ്യങ്ങളിൽ അമേരിക്ക(America), കനഡ (Canada) ഗ്വാട്ടിമാല (Guatemala) എന്നിവിടങ്ങളിൽ ഓരോ രാജ്യത്തും രണ്ടും മൂന്നും നാലും സെന്ററുകളിലായി ജൽസയിൽ അവർ പങ്കെടുത്തു. ഗയാന(Guyana),ഓസ്ട്രേലിയ(Australia),

ഇന്തൊനീഷ്യ(Indonesia),ബംഗ്ലദേശ്(Bangladesh),മൗറീഷ്യസ്(Mauritius), കബാബീർ, ഇന്ത്യാ(India), ബുർക്കിനാ ഫാസോ (Burkina Faso), ഘാന(Ghana), നൈജീരിയ (Nigeria),ഗാംബിയാ(Gambia), ടാൻസാനിയാ (Tanzania), ഫ്രാൻസ്(France), സ്വിറ്റ്സർലൻഡ് (Switzerland), ജർമനി(Germany), സ്വീഡൻ (Sweden), ബെൽജിയം(Belgium), ഫിൻലാൻഡ് (Finland), ഹോളണ്ട് (Holland)തുടങ്ങിയ രാജ്യങ്ങളും പങ്കെടുത്തു.

നൈജീരിയായിൽ ഈസാസാഹിബ് എന്നൊരു അനഹ്മദി സഹോദരൻ മിഷൻഹൗസിൽ മൂന്നു ദിവസവും എന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ വന്നു. അദ്ദേഹം പറയുന്നു: 'ഞാൻ മുമ്പേ കേട്ടിരുന്നത് അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാം വിരുദ്ധ പ്രസ്ഥാനമാണെന്നാണ്. അവർ അനുവദനീയമല്ലാത്ത കാര്യമായ ടി.വി. മസ്ജിദിൽ വെച്ചിട്ടുണ്ടത്രെ!എന്നാൽ, ജൽസ കേട്ടശേഷം ഞാൻ മനസ്സിലാക്കിയത് അഹ്മദികൾ ഐക്യത്തോടെ കഴിയുന്നതുപോലെ ലോകമുസ്‌ലിമീങ്ങൾ കഴിയുകയാണെങ്കിൽ, അവരെപ്പോലെ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുകയാണെങ്കിൽ മുസ്‌ലിമീങ്ങൾ ശക്തി പ്രാപിക്കുകയും ലോകത്ത് ഒരു ശക്തിക്കും ഇസ്‌ലാമിന്നെതിരെ ശബ്ദിക്കാൻ ആകാത്ത വിധം ആകുകയും ചെയ്യുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിനുള്ളിലുള്ള ഐക്യവും അഖണ്ഡതയും ഞാൻ ജൽസയിൽ കാണുകയുണ്ടായി. എന്റെ വീക്ഷണത്തിൽ അത് സത്യത്തിനുള്ള ഒരു തെളിവാണ്.

സാംബിയ(Zambia)യിൽനിന്ന് നവഅഹ്മദികളും അനഹ്മദികളും കൂടിയിരുന്ന് ജൽസ കണ്ടു. അവിടെ ഒരിടത്ത് 35 അനഹ്മദികൾ ഒത്തുകൂടിയിരുന്നു. ജൽസയുടെ പരിപാടി കാണുകയും കേൾക്കുകയും ചെയ്തപ്പോൾ ക്രിസ്ത്യാനിയായ ഒരു ടീച്ചർ പറഞ്ഞു: 'ഇന്ന് ജൽസയിലെ പരിപാടികൾ കേട്ടുകൊണ്ട് ഞാൻ രക്ഷയിലായി. എനിക്ക് ഇസ്‌ലാമികാധ്യാപനങ്ങൾ എന്താണെന്ന് അറിയാൻ കഴിഞ്ഞു.' അവർ പറയുന്നു: 'എന്റെ ബുദ്ധിയും ഗ്രാഹ്യവും ഉപയോഗിച്ച് എനിക്കു മനസ്സിലാക്കാനായത് ഇസ്‌ലാം മാത്രമാണ് ഏക സത്യ മതമെന്നും ആവശ്യക്കാരെ സഹായിക്കാൻ ഇന്ന് ലോകത്ത് മറ്റൊരുമതവുമില്ലെന്നുമാണ്. ജൽസയിൽനിന്ന് എനിക്ക് ഒരുപാട് പഠിക്കാനായി.'

ഗയ്ബൂണിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: 'അമുസ്‌ലിം പോലീസ് ഓഫീസർ തന്റെ ഭാര്യയോടൊപ്പം ജൽസ കേൾക്കാനായി മസ്ജിദിൽ വന്നു. ഇതിനുമുമ്പേ അവർ ജമാഅത്തിന്റെ കാര്യങ്ങളിൽ വലിയ താൽപര്യമൊന്നും കാണിച്ചിരുന്നില്ല. എന്നാൽ, ലബ്നാൻകാരനായ ഒരു നവഅഹ്മദിയുടെ അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവവിവരണം ജൽസാ പരിപാടിയിൽ അവർ കേട്ടപ്പോൾ എന്നോടു ചോദിച്ചു, ജൽസ കഴിഞ്ഞാൽ എനിക്കെങ്ങനെയാണ് എം.ടി.എ കാണാൻ സാധിക്കുക? അപ്പോൾ യൂട്യൂബ് വഴി കാണാമെന്ന് പറഞ്ഞു കൊടുത്തു. അപ്പോൾത്തന്നെ അദ്ദേഹം മൊബൈൽ യൂട്യൂബ് വഴി എം.ടി.എ ഫ്രഞ്ച് ചാനൽ തുറന്നു നോക്കി ജൽസാ കാണാൻ തുടങ്ങി. എന്നിട്ടു പറഞ്ഞു:'ഇനി ഞാൻ ഈ ചാനൽ വഴി അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് കൂടുതൽ പഠിക്കുന്നതാണ്.'

നൈജീരിയയിൽനിന്ന് ഒരു അനഹ്മദി സുഹൃത്ത് ജൽസയുടെ പരിപാടി കണ്ടതിനുശേഷം പറഞ്ഞു: 'ഈ ജൽസ കേട്ടപ്പോൾ എനിക്ക് ഉറപ്പിച്ചു പറയാനാകും ലോകത്ത് ഒരു സത്യ കക്ഷിയുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണെന്ന്!ഞാൻ വേഗം ഇതിൽ ചേരുന്നതാണ്.' ഒരു അനഹ്മദി സുഹൃത്ത് ജൽസയെകുറിച്ചുള്ള അനുഭവം പങ്കിട്ടു കൊണ്ട് പറഞ്ഞു: 'ഈ ജമാഅത്ത് സത്യവാന്മാരുടെ ജമാഅത്താണ്. നിശ്ചയമായും ഈ ജമാഅത്ത് സത്യവാന്മാരുടേതാണ്. ഈമാനുള്ളവരുടേതാണ്. ശക്തമായ മഴയിലും പ്രവർത്തകർ ജോലിയിൽ മുഴുകിയിരിക്കുന്നത് ഞാൻ കണ്ടു. അവർ അതിഥികൾക്ക് എളുപ്പമായമാർഗം ഒരുക്കിക്കൊടുക്കുകയായിരുന്നു.' ഇപ്രകാരംതന്നെ സ്ത്രീകളോടു ഞാൻ ചെയ്ത പ്രഭാഷണവും തന്നെ വളരെ സ്വാധീനിച്ചതായി അദ്ദേഹം പറഞ്ഞു.

ജപ്പാനിലെ ഇൻചാർജ് മുബല്ലിഗ് എഴുതുന്നു: 'ഹിരോശിമയുമായി ബന്ധമുള്ള അനഹ്മദിയായ ഒരു ജപ്പാൻ സുഹൃത്താണ് മാശിമ ഒസാമു(Macshima Osamu)സാഹിബ്. ഞാൻ ജപ്പാനിൽ പോയപ്പോൾ ഹിരോശിമായിലും പോയിരുന്നു. അപ്പോൾ ഇദ്ദേഹം അവിടെ ഉണ്ടായിരുന്നു. അദ്ദേഹം ഞങ്ങൾക്ക് ആതിഥ്യം വഹിച്ചിരുന്നു. 2017-ലെ പീസ് കോൺഫ്രൻസിലും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഞാനും ജൽസ കണ്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് ആഗസ്റ്റ് 6 ലെ ഖുത്ബയും കേട്ടു. അപ്പോൾ എനിക്ക് ജപ്പാനുവേണ്ടിയുള്ള ജമാഅത്തിന്റെ സേവനങ്ങൾ ഓർമവന്നു. എങ്ങനെയാണ് ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ജുമുഅ ദിവസംതന്നെ 1945 ആഗസ്റ്റു പത്തിന് ഹിരോശിമായിലെ ആറ്റംബോംബ് നാശത്തെ കുറിച്ച് ശബ്ദമുയർത്തിയിരുന്നത്. ഈ ശബ്ദം ഹിരോശിമായ്ക്കുവേണ്ടി ആദ്യമായി ഉയർന്ന ശബ്ദങ്ങളിൽപ്പെട്ടതായിരുന്നു. ഇതിനുശേഷം ഇപ്പോഴത്തെ ഖലീഫയുടെ ഹിരോശിമ പര്യടനമുണ്ടായി. ഈ അവസരത്തിൽ നല്കപ്പെട്ട സമാധാനത്തിന്റേയും ശാന്തിയുടേയും സന്ദേശവും എനിക്ക് വളരെ പ്രത്യേകമായ അർഥമുൾക്കൊള്ളുന്നതായിരുന്നു. ഇന്ന് ഹിരോശിമ ദിനത്തിന്റെ അവസരത്തിൽ എം.ടി.എ കണ്ടുകൊണ്ട് എനിക്കുള്ള ഒരാഗ്രഹം എം.ടി.എ ആഫ്രിക്ക പോലെ എം.ടി.എ ജപ്പാനും എത്രയുംവേഗം സ്ഥാപിക്കണമെന്നാണ്. രണ്ടാമത്തേത് ജൽസയുടെ പരിസ്ഥിതിയും ലോകം മുഴുവനുമുള്ള ജനങ്ങളുടെ കൂട്ടായ്മയും കണ്ട് ഈ ലോകത്തെ ഒരേയൊരു പ്ലാറ്റ്ഫോമിൽ ഒരുക്കൂട്ടുന്നതിനും ലോകത്ത് സമാധാനവും ശാന്തിയും സ്ഥാപിക്കുന്നതിനും അഹ്മദിയ്യാ ജമാഅത്തിന്റെ പങ്ക് എത്രമാത്രം സുപ്രധാനമാണെന്നുള്ള ബോധം എന്റെ മനസ്സിൽ ഓരോ ദിവസവും തെളിഞ്ഞു വന്നുകൊണ്ടിരിക്കുന്നു.'

ലോസാക്കയിൽ(സാംബിയ) നിന്ന് ഒരു അനഹ്മദി ഉസ്താദ് പറയുന്നു: 'ഇന്ന് ഞങ്ങൾ നിങ്ങളുടെ ഖലീഫയിൽനിന്ന് ഒരു കാര്യം പഠിച്ചു. ഇസ്‌ലാമിൽ സ്ത്രീകൾക്ക് അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള പൂർണമായ അവകാശ സ്വാതന്ത്ര്യമുണ്ട്. ഇസ്‌ലാം സ്ത്രീകൾക്ക് വിവാഹ സംബന്ധമായി തങ്ങൾക്കിഷ്ടപ്പെട്ട സഹയാത്രികനെ തിരഞ്ഞെടുക്കാൻ അവകാശം നല്കുന്നു.' എന്നാൽ, ചില സമൂഹങ്ങളിൽ സ്ത്രീകളെ നിർബന്ധിച്ച് വിവാഹം കഴിച്ചയക്കാറുണ്ട്. മനുഷ്യാവകാശങ്ങൾ ശ്രദ്ധിക്കുന്നതുപോലുമില്ല. പിന്നീട് ഇതും പറഞ്ഞു: 'സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി ശക്തിചെലുത്തിയ മതം ഇസ്‌ലാം മാത്രമാണ്.' പറയുന്നു: 'ഇസ്‌ലാം പുരുഷന്മാർക്ക് ഒന്നിലധികം വിവാഹം കഴിക്കാൻ അനുവാദം നല്കുന്നതിനോടൊപ്പം നീതിയുടെ കോന്തല കൈയിൽനിന്ന് വിടരുതെന്നും നീതിപാലിക്കാൻ കഴിയുന്നില്ലെങ്കിൽ ഒരു വിവാഹം മാത്രമെ കഴിക്കാവു എന്നും പുരുഷനെ താക്കീതു ചെയ്യുകയും ചെയ്തു. ഇതു വളരെ മനോഹരമായ ഇസ്‌ലാമികാധ്യാപനമാണ്. അഹ്മദിയ്യത്ത് തന്നെയാണ് അതിന്റെ ധ്വജവാഹകരും.'

നൈജീരിയായിലെ തയ്സാവാ റീജ്യണിലെ ഒരു അനഹ്മദി സുഹൃത്ത് മമ്മൻ ഗാലീ സാഹിബ് എഴുതുന്നു: 'എന്റെ ആദ്യത്തെ അനുഭവമാണിത്. ഞാൻ വളരെയധികം പ്രഭാവിതനായി. ഈ ഒരു മാതൃക മറ്റുമുസ്‌ലിമീങ്ങളും പിന്തുടരുകയാണെങ്കിൽ നിശ്ചയമായും മുസ്‌ലിമീങ്ങൾ പുരോഗതിയുടെ പടവുകൾ താണ്ടുമായിരുന്നു.' നൈജീരിയായിലുള്ള ഒരു അനഹ്മദി എഞ്ചിനിയർ ഉസാമാ സാഹിബ് പറയുന്നു: 'എത്രയെത്ര രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് പങ്കെടുക്കുന്നത്. വ്യത്യസ്ത മനുഷ്യർ, ഭാഷാപരമായും സംസ്കാരപരമായും വൈവിധ്യങ്ങളുണ്ടായിട്ടും എത്ര വലിയ അനുസരണത്തിന്റെ മാതൃകയാണ് കാഴ്ച വെച്ചിട്ടുള്ളത്. കൊറോണപോലുള്ള മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇത്രയും അന്യൂനമായ സംഘാടക മികവ് ഒന്നു കാണേണ്ടതുതന്നെയായിരുന്നു.' നൈജറിലെ അമീർ സാഹിബെഴുതുന്നു: 'ഒരു അനഹ്മദിയായ അതിഥി മർയം സാഹിബ പറയുന്നു: 'ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം കേട്ട് എനിക്ക് സ്ത്രീകളുടെ കടമകളും അതുപോലെ ഉത്തരവാദിത്വങ്ങളും, ഇവ രണ്ടിന്റേയും യഥാർഥ അറിവുണ്ടായി. വികസിത രാജ്യങ്ങളിലുള്ളവർക്ക് ഇവിടെ ആഫ്രിക്കയിലെ മിക്ക സ്ത്രീകളുടെ ജീവിതസ്ഥിതി എത്ര പരിതാപകരമാണെന്ന് ചിന്തിക്കാൻപോലും സാധിക്കുകയില്ല. അങ്ങയുടെ വാക്കുകളും പ്രവൃത്തികളും ഒരുപോലെയാണുള്ളത്.' പറയുന്നു: 'എല്ലാ അഹ്മദികളും തങ്ങളുടെ പ്രവൃത്തികൾ അവരുടെ പ്രബോധനത്തിന് തുല്യമായ നിലയിലാക്കുകയാണെങ്കിൽ പിന്നെ നിങ്ങളെ പോലൊരു ജനതയെ എനിക്കു വേറെ എവിടേയും കാണാൻ സാധിക്കുകയില്ല. എല്ലാ അഹ്മദികളും തങ്ങളുടെ വീടുകളിൽ ഈ അധ്യാപനങ്ങളുടെ മാതൃക കാഴ്ച വെക്കേണ്ടതാണ്. വെറും പ്രസംഗം എന്ന നിലയ്ക്കല്ല. അപ്രകാരം മാത്രമെ ഇസ്‌ലാമികാധ്യാപനങ്ങൾ ജനങ്ങളിൽ സ്വാധീനമുളവാക്കിയത് നിലനില്ക്കുകയുള്ളു.'

നൈജറിലെ ഒരു അനഹ്മദി സുഹൃത്ത് ഫരീദ് മൂസായും സ്ത്രീകളോടുള്ള പ്രഭാഷണത്തെ പ്രകീർത്തിച്ചു. അതുപോലെ ഒരു അനഹ്മദി സഹോദരി മർയം ഇൽയാസ് സാഹിബ പറയുന്നു: 'സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം പറഞ്ഞ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ കേട്ടപ്പോൾ ഒരു സ്ത്രീയായതിൽ എനിക്ക് അഭിമാനം തോന്നുന്നു. എല്ലാവരും ഈ കാര്യങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ എത്ര നന്നായേനെ. ഈ ലോകം സ്വർഗം ആയി മാറുമായിരുന്നു.'

നൈജറിലെ ഒരു അനഹ്മദി സഹോദരി നഫീസ ആദമോസ് പറയുന്നു: 'ഞാൻ

ആദ്യമായിട്ടാണ്  അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഭാഷണം കേൾക്കുന്നത്. അത് കേട്ടപ്പോൾ എനിക്ക് മനസ്സിലായ ഒരു കാര്യം എന്താണെന്നാൽ, സയ്യിദുനാ നബി(സ)തിരുമേനി സ്ത്രീക്ക് നൽകിയ ആദരവും ബഹുമാനവും ഇന്നീ ലോകത്ത് ആരെങ്കിലും പ്രാവർത്തികമാക്കുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്താണെന്നാണ്! (ഹുസൂർ പറയുകയാണ്.) ഞാൻ വീണ്ടും പറയുന്നു: 'ഇത് വളരെ ചിന്താർഹമായ കാര്യമാണ്. എല്ലാ അഹ്മദി പുരുഷന്മാരും  തങ്ങളുടെ വീടുകളിൽ നല്ല രീതിയിൽ പെരുമാറുക. ലോകത്തെ വഞ്ചിക്കരുത്.'

നൈജർ അമീർ സാഹിബ് എഴുതുന്നു: 'ഒരു അനഹ്മദി സുഹൃത്ത് അൽഹാജ് ഹുസയ്ൻ സാഹിബ് ഒരു വ്യാപാരിയാണ്. അദ്ദേഹം വളരെ തിരക്കുള്ള വ്യക്തിയാണ്. അദ്ദേഹത്തിന് ജൽസയിൽ പങ്കെടുക്കാനുള്ള ക്ഷണം നൽകിയിരുന്നു. അദ്ദേഹം ക്ഷണം സ്വീകരിക്കുകയും ചെയ്തു. ജൽസക്ക് ശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'ഞാൻ ഒരു ചടങ്ങ് എന്ന രീതിയിലാണ് നിങ്ങളുടെ ജൽസയിൽ പങ്കെടുക്കാൻ വന്നത്! ഏതെങ്കിലും' ഭൗതിക മേളയായിരിക്കും എന്നാണ് കരുതിയത്. എന്നാൽ, ജൽസ തുടങ്ങിയപ്പോൾ ഈ മൂന്ന് ദിവസവും ഞാൻ ജൽസ കേൾക്കാൻ വരുമെന്ന് തീരുമാനിച്ചു. ഏറ്റവും കൂടുതൽ എന്നെ സ്വാധീനിച്ചത് ജൽസയുടെ അന്തരീക്ഷവും ചുറ്റുപാടുമായിരുന്നു. ജൽസയിൽ ഡ്യൂട്ടി ചെയ്യുന്ന സന്നദ്ധപ്രവർത്തകരെ (volunteers) കാണുമ്പോൾ ഒരു ആത്മീയാഭിനിവേശം (jazba) അവരിൽ എനിക്ക് കാണാൻ സാധിച്ചു. അല്ലെങ്കിലും ഇതൊന്നും സാധാരണ ജനങ്ങളെക്കൊണ്ട് സാധ്യമായ കാര്യമില്ല്.'

ഗിനികൊണാക്രി(Guinea Conakry) യിലെ മുബല്ലിഗ് ഇൻചാർജ് സാഹിബ് പറയുന്നു: കണ്ടിയ റീജ്യണിലെ ലോക്കൽ മിഷണറി പറയുന്നു: 'ഈ പ്രദേശത്തെ മേയറിനു ജൽസയിൽ പങ്കെടുക്കാൻ ക്ഷണം നൽകിയിരുന്നു. അദ്ദേഹം പറഞ്ഞു: 'എനിക്ക് സുഖമില്ല അതുകൊണ്ട് എന്റെ മകൻ ജൽസയിൽ പങ്കെടുക്കുന്നതായിരിക്കും. അദ്ദേഹം വന്നപ്പോൾ സ്ത്രീകളോടുള്ള എന്റെ പ്രഭാഷണം ആരംഭിക്കാൻ പോവുകയായിരുന്നു. അവിടെ current കുറവാണ്.  ഈ സമയത്ത് അവിടെ മഴക്കാലമാണ്. കറന്റ് പോയാൽ പിന്നെ വരാൻ മണിക്കൂറുകളെടുക്കും. പറയുന്നു: 'പ്രോഗ്രാം ആരംഭിക്കുന്ന സമയത്ത് current പോയി. ക്ഷണിക്കപ്പെട്ട അതിഥികൾ വന്നിരുന്നു. ജനറേറ്റർ ഒന്നുമുണ്ടായിരുന്നില്ല. മിഷണറി പറയുന്നു: ഞങ്ങൾ ദുആ ചെയ്തു. അല്ലാഹുവേ ജമാഅത്തിന്റെ സത്യസാക്ഷ്യത്തിന് ഇന്ന് അത്ഭുതം കാണിച്ചാലും. കറന്റ് ശരിയാക്കിയാലും. പറയുന്നു: 'ഞങ്ങൾ മനമുരുകി ദുആ ചെയ്തപ്പോൾ പ്രഭാഷണത്തിന് ഞാൻ പ്രസംഗ പീഠത്തിന് മുന്നിൽ വരുന്നതിന് മുമ്പേ current വരികയുണ്ടായി. പറയുന്നു: കാലത്തിന്റെ മസീഹിന്റെ എളിയ സേവകരായ ഞങ്ങളുടെ ദുആ അല്ലാഹു കേൾക്കുകയും ആ ധന്യാത്മാവിന്റെ സത്യസാക്ഷ്യത്തിന് അത്ഭുത അടയാളം കാണിക്കുകയും ചെയ്തു. ഇത് നമ്മുടെ അതിഥികളുടെ ഹൃദയങ്ങളിൽ വലിയ സ്വാധീനം ചെലുത്തി. അത്ഭുതകരമായ കാര്യം എന്താണെന്നാൽ പ്രഭാഷണം കഴിഞ്ഞതും വീണ്ടും current പോയി. അദ്ദേഹവും ഇപ്രകാരം പറയുന്നു: 'ഇത്രയും സമ്പൂർണമായ പ്രഭാഷണം ഞങ്ങൾ ഒരിക്കലും കേട്ടിട്ടില്ല, മറ്റു മുസ്ലിമീങ്ങൾ ജമാഅത്തിനെ കുറിച്ച് പ്രചരിപ്പിക്കുന്നതെല്ലാം തെറ്റാണ്.'

കാമറൂണിൽ(Cameroon)നിന്നും അവിടുത്തെ മുഅല്ലിം പറയുന്നു: 'കാമറൂണിന്റെ വടക്കുള്ള നഗരമായ മറോവ(Maroua)യ്ക്കടുത്തുള്ള ഒരു ഗ്രാമത്തിലെ അനഹ്മദിയായ  ചീഫ് അൽഹാജ് ഉഥ്മാൻ ജൽസയുടെ പ്രോഗ്രാമുകൾ എം. ടി. എ. ആഫ്രിക്കയിൽ കേൾക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: 'ഇമാം മഹ്ദി വരുമ്പോൾ അദ്ദേഹത്തെ ഈ ലോകം മുഴുവൻ ദർശിക്കുമെന്ന് ഞങ്ങൾ ചെറുപ്പത്തിലെ കേട്ടുവരുന്ന കാര്യമായിരുന്നു. ഇന്ന് ജൽസ കണ്ടപ്പോൾ ലോകം മുഴുവൻ കണ്ടുകൊണ്ടിരിക്കുന്ന ഈ ജമാഅത്ത് ഇമാം മഹ്ദിയുടെ ജമാഅത്തു തന്നെയാണെന്ന് തീർച്ചയായി. പല രാജ്യങ്ങളിലെ ജനങ്ങൾ തങ്ങളുടെ രാജ്യത്തിരുന്നുതന്നെ എം. ടി. എ മുഖേന ജൽസയിൽ പങ്കെടുക്കുകയും അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിനെ കാണുകയും കേൾക്കുകയും ചെയ്യുന്നു. ഇന്ന് അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞ കാര്യം പൂർത്തിയാവുന്നത് ഞാൻ കണ്ടു്.'

ജൽസ മുഖേന നടക്കുന്ന ബയ്അത്തിനെ കുറിച്ച് മാലിയിലെ അമീർ സാഹിബ് എഴുതുന്നു. കീത്താ നഗരത്തിലെ ഒരു ഉസ്താദ് ഉമർ ബാരി സാഹിബ് ഫോണിലൂടെ ഇപ്രകാരം പറഞ്ഞു: 'ഞാൻ അഹ്മദി അല്ലെങ്കിലും ഞാനും എന്റെ വീട്ടിലുള്ള എല്ലാവരും വളരെ താൽപര്യത്തോടെ ജൽസയുടെ പ്രോഗ്രാമുകൾ കാണുകയുണ്ടായി. പ്രത്യേകിച്ചും ഖലീഫയുടെ പ്രഭാഷണത്തിന്നിടയിൽ മുദ്രാവാക്യങ്ങൾ മുഴങ്ങിയപ്പോൾ വീട്ടിലുള്ള ഞങ്ങളെല്ലാവരും ആവേശഭരിതരായി മുദ്രാവാക്യങ്ങൾ മുഴക്കുമായിരുന്നു.' ഉമർ ബാരി സാഹിബ് തുടർന്ന് പറയുന്നു: 'അടുത്തുതന്നെ അദ്ദേഹം കുടുംബാഗങ്ങളോടൊത്ത് അഹ്മദിയ്യാ മിഷനിൽവന്ന് ബയ്അത്ത് ചെയ്യുന്നതായിരിക്കും.

മുബല്ലിഗ് ഇൻചാർജ് കാമറൂൺ പറയുന്നു: കാമറൂണിലെ ചീഫ് ഇമാം ദൗലാ(Douala) ഫാറൂഖ് സാഹിബ് പറയുന്നു: 'ഞാൻ എം. ടി. എ ആഫ്രിക്ക മുഖേന ജൽസയിൽ നടന്ന പ്രസംഗങ്ങൾ കേട്ടു. ജനങ്ങൾ ജമാഅത്തിനെ കുറിച്ച് കാഫിറെന്നും' ഭീകരവാദ സംഘടനയെന്നുമെല്ലാം പറയുന്നു. അവർക്കെല്ലാമുള്ള മറുപടി സ്റ്റേജിൽ വലിയ അക്ഷരങ്ങളിൽ ആലേഖനം ചെയ്യപ്പെട്ട ഖാത്തമുന്നബിയ്യീൻ എന്ന ആയത്ത് തന്നെയാണ്.  ഇനി ഇൻശാ അല്ലാഹ് എം. ടി. എ മുഖേന ജമാഅത്തിനെക്കുറിച്ചുള്ള പല തെറ്റായധാരണകളും  ദുരീകരിക്കപ്പെടും.'

അമീർ സാഹിബ് ടാൻസാനിയ എഴുതുന്നു: 'അരൂശാ റീജ്യണിലെ ഒരു അഹ്മദി സഹോദരി ജാബൂ(Jabu) സാഹിബ പറയുന്നു: 'ഇത് ആദ്യമായാണ് ഞാൻ ജൽസ കാണുന്നത്. ഇത്രയും  സമാധാനാന്തരീക്ഷമുള്ള ഒത്തുചേരൽ എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടില്ല. പൊതുവെ സമ്മേളനങ്ങളിൽ ജനങ്ങൾ ബഹളമുണ്ടാക്കുകയും അവരെ ശാന്തരാക്കി നിറുത്താൻ തമാശ പരിപാടികൾ  ഏർപ്പാട് ചെയ്യുകയുമാണ് പതിവ്. എന്നാൽ, ഈ ജൽസയിൽ അങ്ങനെ ഒന്നുംതന്നെ ഇല്ലായിരുന്നു. എന്ന് മാത്രമല്ല ഇസ്‌ലാമിൻറെ യഥാർഥ അധ്യാപനങ്ങൾ  ഉൽബോധിക്കപ്പെടുകയും ചെയ്യുന്നു. അഹ്മദികൾക്ക് തങ്ങളുടെ ഖലീഫയോടുള്ള സ്നേഹംപോലെ ഒന്ന്  ലോകത്തിൽ വേറെ എവിടെയും കാണാൻ സാധിക്കുകയില്ല.'

കാമറൂണിൽ നിന്നുതന്നെ മറോവ(Maroua) എന്ന സ്ഥലത്തെ ഒരു ലോക്കൽ ചീഫ് ജൽസ പ്രോഗ്രാമുകൾ കണ്ടതിനുശേഷം ഇപ്രകാരം പറയുന്നു: 'ഈ ജമാഅത്ത് വളരെ മികച്ചതാണ്. ഇത്രയുമധികം ഭാഷകളിൽ ജൽസയുടെ പ്രോഗ്രാമുകൾ തർജമ ചെയ്യുകയും ജനങ്ങൾ അതിൽനിന്ന് പ്രയോജനമുൾക്കൊള്ളുകയും ചെയ്യുന്നു. ഞാൻ ജൽസ കേൾക്കുകയും എന്റെ അറിവ് വർധിക്കുകയും ചെയ്തു. എം. ടി. എ ഒരു ബർക്കത്താണ്. ഞാൻ എന്റെ വീട്ടിൽ കേബിൾ കണക്ഷൻ എടുക്കുകയും എന്റെ വീട്ടിലിരുന്നു എം. ടി. എ  കേൾക്കുകയും ചെയ്യും. അങ്ങനെ എന്റെ അറിവ് വർധിപ്പിക്കുകയും ചെയ്യുന്നതാണ്.'

(ഹുദൂർ പറയുന്നു:) 'അഹ്മദി അല്ലാത്തവരും എം. ടി. എ യുടെ സ്വാധീന വലയത്തിൽ വരികയാണ്. ആത്മീയ ഭക്ഷണത്തളികയിൽ(mayida)നിന്ന് പ്രയോജനം ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്നവർ എം. ടി. എ യിൽ നിന്ന് പ്രയോജനം ഉൾക്കൊള്ളുന്നു. ഇതുതന്നെയാണ് ആത്മീയ വളർച്ചയുടെ രഹസ്യം. ആത്മീയ ഉയർച്ച ആഗ്രഹിക്കുന്നുവെങ്കിൽ അഹ്മദികളും എം. ടി. എ യിലേക്ക് ശ്രദ്ധ തിരിക്കേണ്ടതാണ്.

മുബല്ലിഗ് ഇൻചാർജ് സാഹിബ് ഗാബൂൻ (Gabon) എഴുതുന്നു: 'ഒരു പുതിയ അഹ്മദി പറയുന്നു, യഥാർഥത്തിൽ ഇത് മുഴുലോകത്തിന്റേയും ജൽസയാണ്. ഇതിൽ നമ്മളോടൊപ്പം ഈ ലോകത്തെ പല രാജ്യങ്ങളിൽനിന്നുമുള്ള വ്യക്തികൾ' ഭാഗഭാക്കാണ്. ഈ കാര്യവും നമ്മുടെ വിശ്വാസം വർധിപ്പിക്കുന്നു. സമയ  വ്യത്യാസമുണ്ടായിട്ടും ജന

ശേഷം പേജ് 8 ൽ

## അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

*(വിശുദ്ധ ഖുർആൻ 14:36)*

## ഹദീഥുന്നബ്വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

*(സ്വഹീഹ് മുസ്‌ലിം)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# വെർച്ചുവൽ കൂടിക്കാഴ്ച; ചോദ്യങ്ങളും മറുപടികളും

**അല്ലാഹു അവരെ ദീനീസേവകരാക്കുമാറാകട്ടെ. തങ്ങളുടെ തിളക്കമാർന്ന സൽസ്വഭാവങ്ങളാൽ അവർ മറ്റുള്ളവർക്ക് മാതൃകയാകുമാറാകട്ടെ. ഇന്തൊനേഷ്യയുടെ മുക്കിലും മൂലയിലും അഹ്മദിയ്യത്തിന്റ സന്ദേശം നല്ല രീതിയിൽ പ്രചരിപ്പിക്കുന്നവരാകുമാറാകട്ടെ.** *(ഹുദൂർ അയ്യദഹുല്ലാഹ്)*

**'പ്രിയപ്പെട്ട ഹുദൂർ ഞങ്ങളുടെ ഇടയിലുണ്ടായിരുന്നപ്പോൾ എന്റെ മനസ്സിൽ അല്ലാഹുവിന്റെ 'ഇസ്തിഖ്‌ലാഫ്' ആയത്തിനെ കുറിച്ചുള്ള ചിന്തയായിരുന്നു; എങ്ങനെയാണ് അല്ലാഹു ഖിലാഫത്തുമുഖേന നമ്മുടെ ഭയാവസ്ഥയെ സമാധാനത്തിലാക്കിമാറ്റിയത്!** *(പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യ ഇന്തൊനേഷ്യാ)*

## ഇന്തൊനേഷ്യാ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥികളും കോഴ്സ് പൂർത്തിയാക്കി ഇറങ്ങിയ മുറബ്ബിമാരുമായി അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ വെർച്വൽ കൂടിക്കാഴ്ച

### (ഭാഗം രണ്ട്)

അഹ്മദിയ്യാ ജമാഅത്ത് ഇന്തൊനേഷ്യ പ്രത്യേകിച്ചും ജാമിഅ അഹ്മദിയ്യാ ഇന്തൊനേഷ്യക്ക് വളരെ സന്തോഷകരമായ നിമിഷങ്ങളായിരുന്നു തങ്ങളുടെ പ്രിയങ്കരനായ ഇമാം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുമായുള്ള ഓൺലൈൻ കൂടിക്കാഴ്ച. ഈ കൂടിക്കാഴ്ചയിൽ ജാമിഅ അഹ്മദിയ്യായിലെ എല്ലാ വിദ്യാർഥികളും ഉസ്താദുമാരും ഈ വർഷം പഠിച്ചിറങ്ങിയ മുറബ്ബിമാരും പങ്കെടുത്തിരുന്നു. 2020 ഒക്ടോബർ 31 ന് ഇന്തൊനേഷ്യൻ സമയമനുസരിച്ച് വൈകുന്നേരം ഏഴു മണിക്കായിക്കായിരുന്നു ഈ കൂടിക്കാഴ്ച. 75 മിനിറ്റുനേരം തങ്ങളുടെ പ്രിയപ്പെട്ട ഇമാമിൽനിന്ന് വിലപിടിച്ച ഉപദേശങ്ങൾ കരസ്ഥമാക്കുന്നതിനും പ്രത്യേകമായ ദുആകൾ തേടുന്നതിനും അവർക്ക് തൗഫീഖു കിട്ടി. ഹുദൂറുമായി ഓൺലൈൻ കൂടിക്കാഴ്ചയുണ്ടെന്ന സന്തോഷകരമായ സന്ദേശം ഞങ്ങൾക്കെത്തിയപ്പോൾ അതിരറ്റ സന്തോഷമുണ്ടായതിനോടൊപ്പംതന്നെ ഞങ്ങളുടെ മനസ്സ് ദുആകളിലും ഇസ്തിഗ്ഫാറിലും മുഴുകി. അല്ലാഹു ഞങ്ങളുടെ ബലഹീനതകളും വീഴ്ചകളും മറച്ചുവെക്കുമാറാകട്ടെ എന്ന് ദുആ ചെയ്തു. ഈ പരിപാടി പശ്ചിമ ജാവയിലുള്ള 'ബയ്ത്തുൽ ആഫിയത്ത്" ലജ്ന ഹാളിലാണ് നടന്നത്. മൂന്നു നിലകളുള്ള മനോഹരമായ ഒരു കെട്ടിടമാണിത്. ഇതിന്റെ അറ്റകുറ്റപ്പണികൾക്കും മോഡിപ്പിടിപ്പിക്കലിനുംശേഷം ഹുദൂർ അയ്യദഹുല്ലാഹ് ഇതിന് 'ബയ്ത്തുൽ ആഫിയത്ത് 'എന്ന് പേരിട്ടു. ഈ അനുഗ്യഹീത പരിപാടിയിൽ അഹ്മദിയ്യാ ജമാഅത്ത് ഇന്തൊനേഷ്യയുടെ നാഷണൽ അമീർ സാഹിബും പങ്കെടുത്തിരുന്നു. ജാമിഅ അഹ്മദിയ്യാ ഇന്തൊനേഷ്യയുടെ പ്രിൻസിപ്പാൾ സാഹിബ് എഴുതുന്നു: കൂടിക്കാഴ്ചയ്ക്കുമുമ്പേ എനിക്ക് വല്ലാത്ത ചിന്തയായിരുന്നു. കാരണം മഴക്കാലമാണ്. വൈദ്യുതിയുടെ പ്രശ്നവും ഉണ്ടാകാറുണ്ട്. അതുകൊണ്ട് കൂടിക്കാഴ്ചാവേളയിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാകുമോ എന്നായിരുന്നു ഒന്നാമത്തെ ചിന്ത! രണ്ടാമത്തെ ചിന്ത ഉർദു അത്ര പരിചയമില്ലാത്ത ജാമിആയിലെ വിദ്യാർഥികൾക്ക് ഹദൂറിന്റെ ചോദ്യം കേൾക്കുമ്പോൾ മനസ്സിലാകാതെ വരികയും അത് ഹുദൂറിന് ബുദ്ധിമുട്ടാകുകയും ചെയ്യുമോ എന്നതായിരുന്നു. അങ്ങനെ ഹുദൂർ വരികയും താൻ ഏതു ഭാഷയിലാണ് സംസാരിക്കേണ്ടതെന്ന് വിദ്യാർഥികളോടു ചോദിക്കുകയും ചെയ്തു: 'ഇംഗ്ലീഷിൽ സംസാരിക്കണമോ അതോ ഉർദുവിലോ?' അതിനോടൊപ്പം ഇന്തൊനേഷ്യൻ ഭാഷ തനിക്കറിയില്ലെന്നും ഹുദൂർ പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു: 'ഹുദൂർ ഉർദുവിൽത്തന്നെ ആയിക്കോട്ടെ. ഞങ്ങൾ കുറച്ചൊക്കെ മനസ്സിലാക്കിക്കൊള്ളാം.' ക്ലാസ് തുടങ്ങിയ ഉടനെ ഹുദൂർ ശബ്ദ സംവിധാനം ശരിയല്ലാത്തതിനെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ ഞാൻ പരിഭ്രമിച്ചു. എം.ടി.എ പ്രവർത്തകർ നിരന്തരം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ക്യാമറയിലേക്കുതന്നെ നോക്കണമെന്ന് പറഞ്ഞിട്ടും എപ്പോഴും സ്ക്രീനിലേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. എന്തായാലും അനുഗൃഹീതവും ഗാംഭീര്യഭരിതവുമായ ഒരു അസ്തിത്വത്തിന്റെ ദർബാറിൽ ഞാൻ ഹാജരായ കാരണത്താൽ മനസ്സിൽ നല്ല ആദരയുക്തമായ ഭയമുണ്ടായതുകൊണ്ടാകാം തിലാവത്തിനും പദ്യാലാപനത്തിനും പ്രസംഗത്തിനുംശേഷം മനസ്സിന് എത്രമാത്രം സമാധാനമുണ്ടായെന്നാൽ അസീസം ഫഖ്റുരിജാൽ പ്രസംഗിക്കുകയും ഹുദൂർ പ്രസംഗത്തെ സംബന്ധിച്ച് ചോദിക്കുകയും ചെയ്തു: 'പ്രസംഗം ഉർദുവിൽ എഴുതിയിട്ടുള്ളതാണോ? അതോ ഇന്തൊനേഷ്യൻ ഭാഷയിൽ?'ഹുദൂർ! ഉർദുവിൽ എഴുതിയിട്ടുള്ളതാണെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഹുദൂർ വാത്സല്യഭരിതമായ വാക്കുകളിൽ പറഞ്ഞു: വളരെ നല്ലത്. ഈ മറുപടി എനിക്ക് സംതൃപ്തി നല്കുന്നതായിരുന്നു.

അത്തരം അനുഗൃഹീത നിമിഷങ്ങളിൽ ഞങ്ങൾക്കു തോന്നിയിരുന്നത് പിതാവും മക്കളും തമ്മിലുള്ള ബന്ധമാണ്. മക്കൾ നേരിട്ട് തങ്ങളുടെ ആത്മീയ പിതാവിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നു! ഒരു വിദ്യാർഥി ചോദ്യം ചോദിക്കുന്നതിന് സലാം ചൊല്ലി. പ്യാരേ ഹുദൂർ! എന്നു പറഞ്ഞപ്പോൾ ഹുദൂർ ക്ഷണത്തിൽ മറുപടി നല്കി: 'വ അലയ്ക്കുമുസ്സലാം പ്യാരേ ബച്ചോ!' അതു എത്രമാത്രം വലിയ സന്തോഷത്തിന്റെ നിമിഷമായിരുന്നു! പ്രിയപ്പെട്ട ഹുദൂർ ഞങ്ങളുടെ ഇടയിലുണ്ടായിരുന്നപ്പോൾ എന്റെ മനസ്സിൽ അല്ലാഹുവിന്റെ 'ഇസ്തിഖ്‌ലാഫ്' ആയത്തിനെ കുറിച്ചുള്ള ചിന്തയായിരുന്നു; എങ്ങനെയാണ് അല്ലാഹു ഖിലാഫത്തുമുഖേന നമ്മുടെ ഭയാവസ്ഥയെ സമാധാനത്തിലാക്കിമാറ്റിയത്!

പിന്നീട് സ്ഥലത്തെ സംബന്ധിച്ച് ഹുദൂർ ചോദിച്ചു. ഹുദൂറിനെ ബയ്ത്തുൽ ആഫിയത്ത്, ലജ്നഹാൾ തുടങ്ങിയവയുടെ ദൃശ്യങ്ങൾ വീഡിയോ കോളിലൂടെ കാണിച്ചപ്പോൾ ഹുദൂർ കെട്ടിടത്തെ മാത്രമല്ല ഞങ്ങളുടെ രാജ്യത്തെ സൗന്ദര്യത്തേയും പ്രശംസിക്കുകയുണ്ടായി. അതിലൂടെ എനിക്ക് വളരെ സന്തോഷമായി. അനിയന്ത്രിതമായി ഞാൻ ഹുദൂറിനെ ഇന്തൊനേഷ്യയിൽ വരാൻ ക്ഷണിച്ചു.

അവസാനം ഹുദൂർ പഠനം പൂർത്തിയാക്കിയ മുറബ്ബിമാരെ സംബന്ധിച്ച് ചോദിച്ചു. ഞാൻ പറഞ്ഞു: ഈ വർഷം നാലു ശാഹിദ് ഡിഗ്രി എടുത്തവരും ആറു മുബശ്ശിരീൻ ഡിഗ്രി എടുത്തവരും പഠിച്ചിറങ്ങി. അപ്പോൾ അവർക്കുവേണ്ടി ഹുദൂർ പ്രത്യേകം ദുആ ചെയ്തു. ഒപ്പം എല്ലാ വിദ്യാർഥികൾക്കുവേണ്ടിയും ദുആ ചെയ്തു. അവിടെയുള്ളത് നൂറ്റിയാറ് വിദ്യാർഥികളാണ്. അല്ലാഹു അവരെ ദീനീസേവകരാക്കുമാറാകട്ടെ. തങ്ങളുടെ തിളക്കമാർന്ന സൽസ്വഭാവങ്ങളാൽ മറ്റുള്ളവർക്ക് മാതൃകയാകുമാറാകട്ടെ. ഇന്തൊനേഷ്യയുടെ മുക്കിലും മൂലയിലും അഹ്മദിയ്യത്തിന്റ സന്ദേശം നല്ല രീതിയിൽ പ്രചരിപ്പിക്കുന്നവരാകുമാറാകട്ടെ. ആമീൻ.

അല്ലാഹു നേരിട്ട് ഖലീഫത്തുൽമസീഹിനെ നമ്മുടെ രാജ്യത്ത് കൊണ്ടുവന്ന് അനുഗ്രഹം പ്രദാനം ചെയ്യുമാറാകട്ടെ. ഇന്തൊനേഷ്യയിലെ അഹ്മദികൾക്ക് നേരിട്ട് തങ്ങളുടെ ഇമാമുമായി കൂടിക്കാഴ്ച നടത്തുന്നതിനും അനുഗ്രഹമെടുക്കുന്നതിനും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ*(റിപ്പോർട്ട് :ഫള്‌ലെ ഉമർ ഫാറൂഖി, പ്രതിനിധി അൽഫള്ൽ ഇന്റർനാഷണൽ)(കടപ്പാട്:അൽഫള്ൽ പത്രം ഇന്റർ നാഷണൽ 2020 നവംബർ 20)*

**ഒന്നരമണിക്കൂർ കൂടിക്കാഴ്ച ആത്മാവുവരെ ആർദ്രമാക്കി. ജമാഅത്തിന് സേവനം ചെയ്യാൻ ഓരോരുത്തരിലും ഒരു പുതിയ വൈദ്യുതിപ്രവാഹംനിറഞ്ഞു.**

**ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുമായി നാഷണൽ മജ്‌ലിസെ ആമില ജർമൻ ജമാഅത്തിന്റെ വെർച്വൽ കൂടിക്കാഴ്ച**

2020 ഒക്ടോബർ 18 ന് ജർമനി അഹ്മദിയ്യാ ജമാഅത്തിന്റെ നാഷണൽ മജ്‌ലിസെ ആമില അംഗങ്ങൾക്ക് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി വെർച്വൽ കൂടിക്കാഴ്ചയക്കുള്ള സൗഭാഗ്യമുണ്ടായി. അൽഹംദുലില്ലാഹ്! മീറ്റിംഗിന്റെ തിയതി നിശ്ചയിക്കപ്പെട്ടപ്പോൾ അമീർ സാഹിബ് മജ്‌ലിസെ ആമില അംഗങ്ങൾക്ക് ഈ സന്തോഷവാർത്ത കേൾപ്പിച്ചതിനോടൊപ്പം മീറ്റിംഗിനെ സംബന്ധിച്ചുള്ള ചില അത്യാവശ്യ കാര്യങ്ങളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തിരുന്നു. ദുആ ചെയ്യാനും സ്വദഖ കൊടുക്കാനും നിർദേശിക്കുകയും ചെയ്തു. അങ്ങനെ ജർമനീ അഹ്മദിയ്യ ജമാഅത്ത് ഏഴ് ആടുകളെ അറുത്തു. കൂടിക്കാഴ്ചയ്ക്ക് തുടക്കം കുറിച്ചു. പ്രിയപ്പെട്ട ഹുദൂർ പറഞ്ഞു: 'നിങ്ങളെല്ലാവരേയും ഒരുമിച്ചു കണ്ടിട്ട് ഒരു വർഷം തികഞ്ഞു.' ഹുദൂർ പരിപാടി അവസാനിപ്പിച്ച് വേർപിരിയുമ്പോൾ അംഗങ്ങൾ വേദനിക്കുകയായിരുന്നു. പക്ഷേ, പ്രിയപ്പെട്ട ഹുദൂർ തന്റെ ഇഷ്ടദാസരുടെ വികാരങ്ങൾ എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്നാൽ അത് ഞങ്ങളുടെ ഈമാനിൽ പുത്തൻ ഉണർവുണ്ടാക്കി. കൂടിക്കാഴ്ചയുടെ നേരത്ത് അത്ഭുതകരമായൊരു അവസ്ഥയായിരുന്നു. ഹുദൂറിന്റെ സംസാരരീതി മുഖത്തോടു മുഖം നോക്കി ഇരിക്കുന്നതുപോലെയായിരുന്നു. ഹുദൂർ എല്ലാ സെക്രട്ടറിമാർക്കും അവരുടെ വകുപ്പുകൾ ഉദ്ധരിച്ച് വ്യക്തമായ മാർഗനിർദേശം നല്കി. ഓരോ ജോലിയും മനസ്സിലാക്കി പൂർണമായ താൽപര്യത്തോടും അധ്വാനത്തോടും കൂടി പ്രവർത്തിക്കാനും ഫലങ്ങൾ കരസ്ഥമാക്കുന്നതിന് വിനയത്തോടെ നിങ്ങളുടെ പരിശ്രമങ്ങളെല്ലാം അല്ലാഹുവിലേക്ക് മടക്കാനും ഹുദൂർ പറഞ്ഞു.

**ബദ്ത്തർ ബനോ ഹർ ഏക് സെ അപ്നെ ഖയാൽ മെ**
**ശായദ് ഉസീസെ ദഖ്ൽ ഹൊ ദാറുൽവിസ്വാൽ മെ**

നിങ്ങൾ നിങ്ങളുടെ ചിന്തയിൽ എല്ലാവരെക്കാളും മോശക്കാരാകുക. ഒരു പക്ഷേ, അതുമുഖേന സ്വർഗത്തിൽ പ്രവേശിക്കും.

കൂടിക്കാഴ്ചയുടെ വേള ചിറകുവിരിച്ച് പറന്നു പോയി. ഏകദേശം ഒന്നരമണിക്കൂർ കുറച്ചു മിനിറ്റുകൾപോലെ തോന്നി. എന്നാൽ, ആത്മാവുവരെ അത് ആർദ്രമാക്കിയതോടൊപ്പം ജമാഅത്തിന് സേവനം ചെയ്യാൻ ഓരോരുത്തരിലും ഒരു പുതിയ വൈദ്യുതിപ്രവാഹം നിറയ്ക്കുകയും ചെയ്തു. നമ്മൾ പ്രിയപ്പെട്ട ഇമാമിന്റെ പ്രതീക്ഷയ്ക്കൊത്ത് പ്രവൃത്തിക്കുന്നവരും ആ മഹാത്മാവിന്റെ സുൽത്വാനെ നസ്വീറുമാരുംആയിത്തീരുമാറാകട്ടെ (മുഹമ്മദ് ഇൽയാസ് മജോക്കെ, ജനറൽ സെക്രട്ടറി, അഹ്മദിയ്യാ ജമാഅത്ത് ജർമനി)*(കടപ്പാട്:അൽഫള്ൽ പത്രം ഇന്റർ നാഷണൽ 2020 ഒക്ടോബർ 23)*

## 126 – ാമത് ജൽസാ സാലാന ഖാദിയാൻ

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 126 – ാമത് ഖാദിയാൻ ജൽസാസാലാന 2021 ഡിസംബർ 24,25,26 (വെള്ളി, ശനി, ഞായർ) തീയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും അല്ലാഹുവിനുവേണ്ടിയുള്ള ഈ ജൽസയിൽനിന്ന് ഫലമെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ജൽസാസാലാനയുടെ എല്ലാവിധ വിജയത്തിനും അനുഗ്രഹത്തിനുംവേണ്ടിയും സൗഭാഗ്യവാന്മാർക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനുംവേണ്ടിയും ദുആകൾ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്.** ***(നാളിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

**2019 ഒക്ടോബർ 7 തിങ്കളാഴ്ച**
**(ബദ്ർ വാല്യം 6 ലക്കം 36 പേജ് 12–ൽ**

### പ്രസന്റേഷൻ

തുടർന്ന് ഡോക്ടർ ത്വൽഹ റശീദ് സാഹിബ് ഒരു പ്രസന്റേഷൻ നടത്തി.

ഡി.എൻ.എ (DNA) യിൽ ഒരു നിസ്സാരമാറ്റംപോലും ഒരു നിഷ്ക്രിയ പ്രോട്ടീൻ സൃഷ്ടിക്കുന്ന ഉറവിടം ജന്മമെടുക്കുന്നതിന് കാരണമാകാം. ചില ഗുരുതര ദുഷ്ഫലങ്ങളും ഇതു കാരണത്താൽ ഉണ്ടാകാം. കാരണം, ഇതിന് പ്രോട്ടീൻ സെല്ലിനുള്ളിൽ തന്റേതായ പങ്ക് നിർവഹിക്കാൻ കഴിയില്ല. 2008-ൽ കുട്ടികളുടെ ഡി.എൻ.എ (DNA) യിൽ ഒരു മാറ്റം കണ്ടെത്തുകയുണ്ടായി. പേശികളുടെ രോഗമായ റാബ്ഡോ മിയോലൈസിസിലേക്ക് (Rhabdo myomysis) നയിക്കുന്ന മാറ്റമായിരുന്നു ഇത്. ഈ രോഗം പേശികളിൽ ന്യൂനത സൃഷ്ടിക്കാൻ കാരണമാകുന്നു. ഇത് വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന അവസ്ഥയാണ്. കാരണം, പേശികളുടെ പ്രവർത്തനക്ഷമമല്ലാത്ത പ്രോട്ടീനിന്റെ സൂചിതമായ വൈകല്യം രക്തത്തിൽ ചേരാൻ കാരണമാകുന്നു. ഇത്തരത്തിലുള്ള ഘടകങ്ങളുടെ അസ്തിത്വം ഹൃദയത്തേയും കിഡ്നിയേയും ബാധിക്കുന്നു. ഹൃദയസ്തംഭനത്തിനോ കിഡ്നിയുടെ നിഷ്ക്രിയത്വത്തിനോ കാരണമാകുന്നു. പേശികൾക്ക് വരുന്ന ഈ വൈകല്യം ശക്തമാകുമ്പോൾ രോഗിയുടെ മരണത്തിനും കാരണമാകാവുന്നതാണ്. റാബ്ഡോമയോലൈസിസ് എന്ന രോഗം ഇൻഫംഗ്ഷൻ, മയക്കുമരുന്നിന്റെ ഉപയോഗം, പനി, നീണ്ട വ്രതം, അല്ലെങ്കിൽ ജീനുകളിലുള്ള മാറ്റങ്ങൾ പോലെയുള്ളവ കാരണത്താൽ ഉണ്ടാകാവുന്നതാണ്. അടിസ്ഥാനപരമായി ഈ അംശങ്ങളെല്ലാം മനുഷ്യശരീരത്തിൽ നിലനില്ക്കുന്ന എൽ പി ഐ എൻ1 (LPIN 1) എന്ന ജീനിനെ ബാധിക്കുകയും അതു കാരണത്താൽ രോഗം ജന്മമെടുക്കുകയും ചെയ്യുന്നു. പാരീസിലെ ഹോസ്പിറ്റലുകളിൽ കൊണ്ടുവന്ന ചില കുട്ടികളുടെ LPIN 1 ജീനിൽ ഈ രോഗത്തിന്റെ ആക്രമണം വളരെ ശക്തമായിരുന്നു. ഇത് 6 വയസ്സിനും താഴെയുള്ള കുട്ടികളെയാണ് കൂടുതൽ ബാധിച്ചത്. ഒരു സുപ്രധാന മസിലിൽ വൈകല്യം ഉണ്ടായിരിക്കുന്ന കാരണത്താൽ 30 ശതമാനം കേസുകളിൽ കുട്ടികൾക്ക് മരണം സംഭവിച്ചു. ഈ രോഗം LPIN 1 എന്ന ജീനിനെ എങ്ങനെയാണ് ബാധിച്ചതെന്ന് മനസ്സിലാക്കാൻ മെഡിക്കൽ ടീം അശക്തരായിരുന്നു. ഒരു സവിശേഷമായ കൊഴുപ്പുണ്ടായി വരികയും രക്തത്തിന്റെ കണികകളിൽ പ്രവേശിച്ച് പേശിയെ ബാധിക്കുകയുമാണ് ഇവിടെ ഉണ്ടായത്. കണികകളിൽ കൊഴുപ്പ് ഉണ്ടാക്കുന്ന ഉറവിടത്തിൽ LPIN 1ഉം ഭാഗമായിരുന്നു. അത് ഈ കണികകൾ മുഖേന ശക്തിയായി പരിവർത്തനപ്പെടുന്നു. ഇപ്രകാരം LPIN 1ന്റെ അസാന്നിധ്യം നമ്മളിൽ കൊഴുപ്പ് കൂടിച്ചേരരുതായിരുന്നു. എന്നാൽ, നമ്മൾ മനുഷ്യാവയവങ്ങളുടെ മാതൃകകളെക്കുറിച്ച് വിലയിരുത്തുമ്പോൾ നിഷ്ക്രിയമായ LPIN 1 പ്രോട്ടീൻ നിലനില്ക്കുന്ന കുട്ടികളുടെ പേശികളിൽ വളരെയധികം കൊഴുപ്പ് നിലനില്ക്കുന്നതായി കാണാം. ഇവിടെ ഒരു പ്രകടമായ വൈരുധ്യമുണ്ടായിരുന്നു. ഇതിനെക്കുറിച്ച് നിരീക്ഷിക്കുന്നതിനുവേണ്ടി ഞങ്ങൾ ഒരു എലിയിൽ പരീക്ഷണം നടത്തി. എലിയുടെ മോഡലിൽ സാമ്യതയോടെയുള്ള മാറ്റം സംഭവിക്കുകയും രോഗം ഉടലെടുക്കുകയും ചെയ്തു. പേശിയിൽ നിലനിൽക്കുന്നതുപോലുള്ള സവിശേഷതകളോടു കൂടിയുള്ള ഒരു മൗസ് മോഡൽ ഉണ്ടാക്കുന്നതിൽ ഞങ്ങൾ വിജയിച്ചു. നിരീക്ഷണസമയത്ത് എലികളുടെ പേശികളിൽ വിസമയിപ്പിക്കുന്ന തരത്തിലുള്ള കൊഴുപ്പ് കുന്നുകൂടുന്നതായി ഞങ്ങൾ കണ്ടു. ഗവേഷണത്തെ മുന്നോട്ട് നയിക്കുന്നതിന് ഈ മോഡൽ ഞങ്ങളെ വളരെയധികം സഹായിച്ചു.

3 വർഷങ്ങളിൽ വളരെയധികം നിരീക്ഷണങ്ങൾ നടത്തി. LPIN 1 പ്രോട്ടീനിന്റെ അസാന്നിധ്യം കാരണത്താൽ കണികകളുടെ ഒരു ഭാഗം ബാധിച്ചിട്ടുണ്ടായിരുന്നു. കോശത്തിന്റെ (സെൽ) ഈ ഭാഗത്തെഎന്റോപ്ലാസ്മിക് റെട്ട്യൂകുലം എന്ന് വിളിക്കപ്പെടുന്നു. കാത്സ്യത്തിന്റെ സന്തുലിതാവസ്ഥ, പ്രോട്ടീൻ ഫോൾഡിംഗ് പോലുള്ള ജീവനുമായി ബന്ധപ്പെട്ട വലിയ പ്രവർത്തികൾക്ക് ഇത് സുപ്രധാനമാണ്. LPIN 1 ന്റെ അസാന്നിധ്യം ആന്റോപ്ലാസ്മിക് റെട്ട്യൂകുലത്തെ (ER) ബാധിക്കുന്നതായും വളരെ പ്രധാനപ്പെട്ട അസ്വസ്ഥത സൃഷ്ടിക്കാൻ കാരണമാകുന്നതായും ഞങ്ങൾ വെളിപ്പെടുത്തി. ഇതിനെ ER Stress (സ്ട്രെസ്) എന്നു പറയുന്നു. ER ൽ കുറച്ച് പ്രോട്ടീനുകളുണ്ട്. SREBP 1 എന്നും SREBP 2 എന്നും ഇതിനെ വിളിക്കുന്നു. ER ൽ അസ്വസ്ഥത ഉണ്ടാകുമ്പോൾ ഇത് കോശത്തിന്റെ ന്യൂക്ലിയസ്സിനെ ബാധിക്കുന്നു. ന്യൂക്ലിയസ്സിന്റെ ഉള്ളിൽ ഈ പ്രോട്ടീൻ ഉചതയോടൊപ്പം ചേരുന്നു. ഇതു കാരണത്താൽ കൊഴുപ്പ് ഉണ്ടാക്കുന്ന ജീൻസിന്റെ അളവിൽ വർധനയുണ്ടാകുന്നു. ഞങ്ങളുടെ നിരീക്ഷണം ഇതായിരുന്നു. സക്രിയരായ LPIN 1 പ്രോട്ടീനിന്റെ അഭാവത്തിൽ ഒരു സുപ്രധാന ഘടകമായ ER ൽ സമ്മർദം ഉണ്ടാകുന്നു. ഇത് SREBP 1-c/ SREBP -2 പ്രോട്ടീനുകളെ ന്യൂക്ലിയസിൽ നിക്ഷേപിക്കുന്നു. ഇത് കൊഴുപ്പിനെ സൃഷ്ടിക്കുന്ന വസ്തുക്കളിൽ നിലനില്ക്കുന്ന ജീനുകളുടെ പ്രവർത്തനങ്ങളെ വർധിപ്പിക്കുന്നതിന്നുവേണ്ടി ഡി എൻ എ യിൽ സ്വാധീനമിടുന്നു. ഇതേ കാരണത്താൽ രോഗാതുരമായ പേശികളിൽ ആവശ്യമായതിലുമധികം കൊഴുപ്പ് അടിഞ്ഞു കൂടുന്നു. വളരെയധികം പരീക്ഷണങ്ങളിലൂടെ ഈ വീക്ഷണത്തിന് ഞങ്ങൾ ഉറച്ച തെളിവ് നല്കുകയും അതിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

അവസാനം എലികൾക്ക് TUDCA എന്ന് പേരുള്ള മരുന്ന് ഞങ്ങൾ നല്കി. ER ലെ സമ്മർദം നീക്കുന്നതിനു വേണ്ടിയുള്ളതാണ് ഇത്. കരളിന്റെ രോഗങ്ങളെ പോലുള്ള ഇതര രോഗങ്ങളെ നേരിടുന്നതിന്നുള്ള ശേഷിയും ഇത് കൈവരുത്തുന്നു. എലികളിലുള്ള രോഗങ്ങളുടെ വളരെയധികം സവിശേഷതകളെ ഇത് നന്നാക്കുന്നതായി പരീക്ഷണങ്ങളിൽ നിന്നു വ്യക്തമായി. ഇതിൽ പുരോഗതി കൈവരിക്കാനും ഇത് സഹായിക്കുന്നു. അടുത്ത ഘട്ടം ക്ലിനിക്കൽ ഡോക്ടറോടൊപ്പം ചേർന്ന് പ്രവൃത്തിക്കലാണ്. തൽഫലമായി LPIN 1 ജീനിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ കാരണത്താൽ ജന്യമാകുന്ന റാബ്ഡോ മിയോലൈസിസ് (Rhabdo myomysis)രോഗിയെ യഥാർഥമായ നിലയിൽ ചികിത്സിക്കാൻ സാധിക്കുമോ എന്ന് സാക്ഷ്യപ്പെടുത്താൻ സാധിക്കുന്നതാണ്.

### മറ്റൊരു പ്രസന്റേഷൻ

ഫ്രാൻസിലെ പ്രസിദ്ധമായ മലനിരകളെ പരിചയപ്പെടുത്തുന്ന ഒരു പ്രസന്റേഷൻ അസീസം ഉസാമ അബ്ദാൽ റബ്ബാനി അവതരിപ്പിച്ചു.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: 'ഭൂമിയെ നാം വികസിപ്പിക്കുകയും അതിൽ ഉറച്ചുനില്ക്കുന്ന പർവ്വതങ്ങളെ നാം സ്ഥാപിക്കുകയും കൃത്യമായ നിലയിൽ എല്ലാവസ്തുക്കളേയും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു.' *(സൂറ അൽഹിജ്ർ:20)*

ഇതു വിഷയകമായി ഫ്രാൻസിലെ പ്രസിദ്ധമായ മലനിരകളെ കുറിച്ചുള്ള ചില വിവരങ്ങൾ ശേഖരിക്കാൻ ഈയുള്ളവന് കഴിഞ്ഞു. ഇത് പ്രിയപ്പെട്ട ഹുദൂറിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്. ആൽപ്സ് (Alps) മലനിരകളെ കുറിച്ചാണ് ആദ്യമായി സമർപ്പിക്കാൻ പോകുന്നത്. യൂറോപ്പിലെ ഏറ്റവും ഉയർന്നു നിൽക്കുന്ന വിശാലമായ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന മലനിരയാണ് ആൽപ്സ്. ആൽപ്പനിലെ 8 രാജ്യങ്ങളുടെ (പടിഞ്ഞാറു നിന്നു കിഴക്കു വരെ) തീരത്ത് ഏകദേശം 1200 കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന മലനിരയാണിത്. സ്വിറ്റ്സർലൻഡ്(Switzerland), ഇറ്റലി (Italy) , ഓസ്ട്രിയ(Austria), ലിച്ചറ്റെൻ സ് റ്റെയിൻ(Llechtenstein), ജർമനി(Germany), ഫ്രാൻസ്(France), മൊണാക്കോ (Monaco), സ്ലോവേനിയ(Slovenia) എന്നീ രാഷ്ട്രങ്ങൾ ഇതിൽപ്പെടുന്നു.

**മൗണ്ട് ബ്ലാങ്ക്** (Mont Blanc): മുകളിൽ സൂചിപ്പിച്ച മലനിരകളിൽ തെക്കേ യൂറോപ്പിലെ ഏറ്റവും ഉയർ ന്ന പർവ്വത നിരയാണ് ഇത്. 4808 മീറ്ററാണ് ഇതിന്റെ ഉയരം. ഇത് ഫ്രാൻസ് നഗരമായ ഷാമൂനിലാണ് സ്ഥിതി ചെയ്യുന്നത്. മൗണ്ട് ബ്ലാങ്ക് എന്ന പദത്തിന്റെ വാക്കർഥം വെളുത്ത പർവ്വതം എന്നാണ്. കാരണം ഇത് വർഷം മുഴുവനും മഞ്ഞുമൂടിയാണ് കാണപ്പെടുന്നത്. ഏകദേശം 50 ലക്ഷം ജനങ്ങൾ ഈ മലനിര കാണാൻ വരുന്നു. ഇതിന്റെ ഭാഗങ്ങളിൽ സ്കൈ വഴികളുമുണ്ട്. ഉഷ്ണകാലത്താണ് സവിശേഷമായ നിലയിൽ ജനങ്ങൾ സ്കൈ(Ski) ചെയ്യാൻ വരുന്നത്. ഇതിന്റെ നടുവിലായി ഒരു ടണലുമുണ്ട്. 1965 ജൂലൈ 19 നാണ് ഇതിന്റെ ഉൽഘാടനം നടന്നത്.

ഈ ടണൽ ഫ്രാൻസിലെ നഗരമായ ഷാമൂനിയെ(Chamonix) ഇറ്റലി പട്ടണമായ കോർമിയൂറു(Courmayeur) മായി ബന്ധിപ്പിക്കുന്നു. ഈ ടണലിനെ ടണൽ ഡി മൗണ്ട് ബ്ലാങ്ക് (Tunnel de Mont Blanc) എന്നാണ് വിളിക്കുന്നത്.

പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന മറ്റൊരു പ്രസിദ്ധ പർവ്വതമാണ് ബാരെസ് ദെസ് എക്രിൻസ് (Barres des Ecrins). ഏകദേശം 4100 മീറ്ററാണ് ഇതിന്റെ ഉയരം. ഇത് പെൽവോക്സ്(Pelvoux) പട്ടണത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ മലനിരയിലെ പ്രസിദ്ധമായ കായലുകളാണ് പൌവ്വും റോണെയും(Pau and Rhone).

പിറെനീസ്(Pyrenees) തെക്കുപടിഞ്ഞാറൻ യൂറോപ്പിലെ മലനിരയാണ്. ഫ്രാൻസിന്റേയും സ്പെയിനിന്റേയും ഇടയിലുള്ള പ്രകൃതിപരമായ അതിർത്തികൾ ഈ മലനിരകൾ പങ്കു വെക്കുന്നു.ഈ മലനിരകളുടെ ഉച്ചി ഇഷ്ടികകളുടേതാണ്. ഇതിന്റെ ഉയരം 3404 മീറ്ററാണ്. കണ്ണുകളെ വശീകരിക്കുന്ന ലാക്ഡ് അർടൌസ്റ്റി(Lac d Artouste) കായലും ഇവിയെുണ്ട്. ഈ കായൽ വളരെ പ്രസിദ്ധമാണ്.

അവസാനം ഞാൻ മാസേഫ് സെൻട്രലിലെ മലനിരകളെ സംബന്ധിച്ച് അറിവു നല്കുകയാണ്. തെക്കൻ ഫ്രാൻസിന്റെ മധ്യത്തിൽ സ്ഥിതി ചെയ്യുന്ന മലമ്പ്രദേശമാണിത്. ഇത് അറ്റം കൂർത്തതും കൊടുമുടികളുളളതും ഉയരത്തിൽ സമതലപ്രദേശം അടങ്ങുന്നതുമായ മലയാണ്. ഫ്രാൻസിലെ ആകെ പ്രദേശത്തിന്റെ 15 ശതമാനവും ഈ മലനിര നിറഞ്ഞു നില്ക്കുന്നു എന്നത് ഇതിന്റെ വലുപ്പത്തെ സൂചിപ്പിക്കുന്നു. ഇതിലെ ഏറ്റവും ഉച്ചിയിലുള്ള പർവ്വതം പോയി വേ സാൻസിയാണ്. ഇത് അതിപുരാതന അസ്ട്രോ വൊൽക്കാന(astro volcano) യുടെ ഭാഗമാണ്. രണ്ടു ലക്ഷത്തി ഇരുപതിനായിരം വർഷമായി (220000)ഇത് നിഷ്ക്രിയമാണ്. 1886 മീറ്ററാണ് ഇതിന്റെ ഉയരം.

### വാഖ്ഫീനെ നൗ ചോദ്യോത്തര വേദി

ഇതിനുശേഷം ഹുദൂർ വാഖിഫെ നൗ കുട്ടികൾക്ക്

ചോദ്യങ്ങൾ ചോദിക്കാനുള്ള സമ്മതം നല്കി.

◐ ഒരു വാഖിഫെ നൗ: ഖലീഫയാകാനുള്ള അവസരം ലഭിച്ചിരുന്നില്ലെങ്കിൽ ഹുസൂർ ആരാകുമായിരുന്നു?

ഹുദൂർ: ഞാൻ മുമ്പേയും ദീനിന് സേവനം തുടരുകയായിരുന്നു. ഞാൻ ഒരു അവസരത്തിന്റേയും അന്വേഷണത്തിലായിരുന്നില്ല എന്നതാണ് അവശേഷിക്കുന്ന കാര്യം. അങ്ങെനെയൊന്നും സാധ്യവുമല്ല

◐ ഒരു വാഖിഫെ നൗ: ഫ്രാൻസ് ജൽസയെ കുറിച്ച് ഹുദൂറിന് എന്താണ് തോന്നുന്നത്?

ഹുദൂർ: ഇതൊരു ജൽസയായിരുന്നില്ല. ചെറിയൊരു മീറ്റിങ്ങായിരുന്നു. യൂ കെയിൽ ഈയടുത്ത് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒരു ഇജ്തിമാ നടന്നിരുന്നു. ഏകദേശം 6000 പേരാണ് അതിൽ പങ്കെടുത്തത്. നിങ്ങളുടെ ജൽസയുടെ മൊത്തം ഹാജർ നില 2700, 2800 ആയിരുന്നു.

◐ ഒരു വാഖിഫെ നൗ: മുസ്ലിം ഉമ്മമാരുടെ കാൽക്കീഴിൽ സ്വർഗമുണ്ട്. അപ്പോൾ അമുസ്ലിം ഉമ്മമാരുടെ കാൽക്കീഴിൽ സ്വർഗമുണ്ടാകുകയില്ലേ?

ഹൂദൂർ: തങ്ങളുടെ കുട്ടികൾക്ക് നല്ല ശിക്ഷണം കൊടുക്കുന്ന എല്ലാ ഉമ്മമാരും അവരെ നല്ലവരാക്കുന്നു. അപ്പോൾ അവർ നന്മകൾ ചെയ്യുമെന്നത് പ്രകടമാണ്. അങ്ങനെ അവർ സ്വർഗത്തിൽപോകുന്നതായിരിക്കും. ഉമ്മമാർക്ക് സേവനം ചെയ്യുക എന്നതാണ് ഒന്നാമത്തെ കാര്യം.രണ്ടാമത്തെ കാര്യം മതനിഷ്ഠയുള്ള ഉമ്മമാർ തങ്ങളുടെ കുട്ടികളെ നല്ലവരാക്കുന്നു. ദീനും പഠിപ്പിക്കുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതെങ്ങനെ എന്ന് പഠിപ്പിക്കുന്നു. അവരെ സൽസ്വഭാവങ്ങളും പഠിപ്പിക്കുന്നു. ശരിതന്നെയാണ് അല്ലാഹു അവരെ കൂടുതൽ ഇഷ്ടപ്പെടുന്നു. പിന്നീടുള്ളത് നിങ്ങളോടു പറഞ്ഞിട്ടുള്ളത് ഉമ്മമാരെ സേവിക്കാനാണ്. അവർ പറയുന്നത് കേൾക്കുക. അതിൽ നിങ്ങളുടെ കുട്ടികൾക്ക് നല്ല ശിക്ഷണം നല്കാൻ ഉമ്മമാരോടു പറഞ്ഞു. ബാക്കിയെന്തായാലും അല്ലാഹു സ്വർത്തിലേക്ക് കൊണ്ടുപോകേണ്ടതാണ്. ആരെയൊണ് കൊണ്ടുപോകുന്നതെന്ന് നന്നായി അറയുന്നവൻ അല്ലാഹുവാണ്. പക്ഷേ, നബി(സ)തിരുമേനി പറഞ്ഞു: തങ്ങളുടെ കുട്ടികൾക്ക് നല്ല ശിക്ഷണം നലുകുന്ന മാതാക്കളെ അല്ലാഹുവും അറിയുന്നതാണ്. അവനെ ആരാധിക്കുന്നവരാണോ, അവന്റെ സ്വഷ്ടികളെ സേവിക്കുന്നവരാണോ, അവരോടുള്ള കടമകൾ നിറവേറ്റുന്നവരാണോ എന്നൊക്കെ! അവരെ കുറിച്ച് പറയുന്നത് അവർ സ്വർഗത്തിൽ പോകുന്നവരായിരിക്കും. പക്ഷേ, മനുഷ്യൻ മുസ്ലിമായാലും അമുസ്ലിമായാലും ഏറ്റവും നല്ല മനുഷ്യൻ തന്റെ മാതാവിനെ ആദരിക്കുന്നവനാണ്. ബഹുമാനിക്കുന്നവനാണ്. ശരിയായ കാര്യങ്ങൾ സമ്മതിക്കുന്നവനാണ്. അല്ലാഹു വിശുദ്ധ ഖുർആനിലും പറഞ്ഞിട്ടുള്ളത് ഇതുതന്നെയാണ്; അവർ പറയുന്നത് കേൾക്കുക.അവരെ സേവിക്കുക. പക്ഷേ, അല്ലാഹുവിന്നെതിരിൽ ശിർക്ക് ചെയ്യാൻ പറഞ്ഞാൽ അപ്പോൾ അവർ പറയുന്നത് അനുസരിക്കരുത്.

◐ ഒരു വാഖിഫെ നൗ: അങ്ങ് എത്ര രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്?

ഹദൂർ: ധാരാളം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. റിപ്പോർട്ട് വായിച്ച് എണ്ണിയെടുത്തുകൊള്ളുക. ഞാൻ 36, 37 രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടാകും.

◐ ഒരു വാഖിഫെ നൗ: ഹൂദൂർ ഇപ്പോൾ എനിക്ക് 15 വയസ്സായി. അടുത്ത വർഷം എനിക്ക് ജാമിയായിൽ ചേരാൻ കഴിയുമോ?

ഹുദൂർ: ജാമിയായിൽ പോകുന്നതിന് പ്രായം പ്രശ്നമല്ല. ജാമിയായിൽ പോകുന്നതിന് സെക്കണ്ടറി വിദ്യാഭ്യാസം നിർബന്ധമാണ്. നിങ്ങൾ സെക്കണ്ടറി വിദ്യാഭ്യാസം പാസായിട്ടുണ്ടെങ്കിൽ. ജാമിയായിലെ ഇർവ്യു പാസായിട്ടുണ്ടെങ്കിൽ അവർ പറയും നിങ്ങളുടെ വിദ്യാഭ്യാസമനസരിച്ച് ഞങ്ങൾ നിങ്ങളെ പഠിപ്പിക്കാമെന്ന്! അതിന്റെ ടെസ്റ്റ് നടന്ന് പിന്നീടാണ് പോകേണ്ടത്. 15, 16, 17 വയസ്സിന്റെ പ്രശ്നമല്ല. 15,16 വയസ്സുമുതൽ 18 വയസ്സുവരെയാണ് ജാമിയായിൽ പോകുന്നത്. പക്ഷേ, സെക്കണ്ടറി സ്കൂൾ പാസാകേണ്ടിവരും.

◐ ഒരു വാഖിഫെ നൗ: അങ്ങയ്ക്ക് ഏതു മാംസമാണ് ഇഷ്ടപ്പെട്ടത്?

എനിക്ക് ഒരു മാംസവും കൂടുതൽ ഇഷ്ടമല്ല.

അതേ കുട്ടിതന്നെ ചോദിച്ചു: അങ്ങയ്ക്ക് ഏതുമീനാണ് ഇഷ്ടം?

ഹുദൂർ: മീൻ ഇഷ്ടമാണ്. മൃഗങ്ങളുടെ മാംസം തിന്ന് പല്ലുകൾ ചീത്തയാകുന്നു. കൂടുതൽ മാംസം കഴിക്കുന്നവരുടെ പല്ലുകൾ മോശമായിത്തീരുന്നി. അതുകൊണ്ട് ബാലൻസ് ചെയ്ത് കഴിക്കേണ്ടതാണ്. എന്നല്ല പച്ചക്കറികളും കഴിക്കേണ്ടതാണ്. പയറു വർഗങ്ങളും കഴിക്കേണ്ടതാണ്. മാംസവും കഴിക്കേണ്ടതാണ്. മാംസം തിന്നാൻ കൂടുതൽ ആർത്തികാണിക്കരുത്.

◐ ഒരു വാഖിഫെ നൗ: അങ്ങയുടെ ബോഡിഗാർഡാകുന്നത് എങ്ങനെയാണ്?

ഹുദൂർ: അവരോടു ചോദിക്കുക. ഞാൻ വിചാരിക്കുന്നത് ഒന്നും ചെയ്യാത്തവർ ബോഡിഗാർഡാകുന്നു എന്നാണ്. നിങ്ങൾ പഠിക്കുക. എന്തിലെങ്കിലും യോഗ്യരായിത്തീരുക. ഡോക്ടർ ആകുക. ടീച്ചറാകുക.

◐ ഒരു വാഖിഫെ നൗ: ഹുദൂർ എനിക്ക് മുറബ്ബി സാഹിബാകണം.

ഹുദൂർ: മുറബ്ബിയാകുക. സാഹിബ് ആകരുത്. നിങ്ങൾ സാഹിബ് ആയിത്തീർന്നാൽ പിന്നെ പ്രവ്യത്തിയിൽനിന്നു പോയി. മുറബ്ബിയാകുക. കേവലം മുറബ്ബി. വളരെ നല്ല വലിയ മുറബ്ബിയായി നിലകൊള്ളും. എന്നാൽ സാഹിബ് ആകുന്നതോടെ മനസ്സിലാക്കിക്കോ നമ്മുടെ പ്രവ്യത്തിയിൽ നിന്നു അവർ പോയെന്ന്.

◐ ഒരു വാഖിഫെ നൗ:ഹുദൂറിന് സ്പോട്സിൽ ഏതാണ് ഇഷ്ടം?

ഹുദൂർ:ഇപ്പോൾ ഞാൻ കളിക്കുന്നില്ല. എന്നാൽ ചെറുപ്പകാലത്ത് ക്രിക്കറ്റും കളിക്കാറുണ്ടായിരുന്നു. ബാഡ്മെന്റണും കളിച്ചിരുന്നു.

വാഖിഫീനെ നൗ കുട്ടികളുമായുള്ള ഹുദൂറിന്റെ ഈ ക്ലാസ് 08.15 വരെ നീണ്ടു നിന്നു. തുടർന്ന് ഹുദൂർ ഓഫീസിലേക്ക് മടങ്ങി.

### സെന്റ് പ്രിക്സ്(Saint Prix) മേയറുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച

കേന്ദ്ര മിഷൻ ഹൗസായ ദാറുസ്സലാമും മസ്ജിദ് മുബാറക്കും സ്ഥിതി ചെയ്യുന്ന സെന്റ് പ്രിക്സ് പ്രദേശത്തിന്റെ മേയർ ജീൻ പീരെര എഞ്ചൽബേർട്ട്(Jean Pierre Enjalbert) ഹുദൂറുമായി കൂടിക്കാഴ്ചക്കെത്തിയിരുന്നു. ഒരു കാലത്ത് ഈ മേയർ ജമാഅത്തിന്റെ കഠിന വിരോധിയായിരുന്നു. ജമാഅത്തിന്റെ നിലവിലുള്ള മിഷൻ ഹൗസ് അദ്ദേഹം അടപ്പിച്ചിരുന്നു. ഇവിടെ നിന്നു കുഴപ്പങ്ങളുണ്ടാകുന്നു എന്നാരോപിച്ചാണ് അടപ്പിച്ചിരുന്നത്.

ഈ സംഭവത്തിനു കുറച്ച് കാലത്തിനുശേഷം 2004 ഡിസംബറിൽ ഹുദൂർ ഫ്രാൻസ് സന്ദർശനത്തിനു പോയിരുന്നു. അന്നു നടന്ന ഫ്രാൻസ് ജൽസ സാലാനയിൽ മേയർ പങ്കെടുത്തിരുന്നു. ഹുദൂറിന്റെ സാന്നിധ്യത്തിൽ അദ്ദേഹം വേദിയെ അഭിമുഖീകരിച്ചു കൊണ്ട് പറഞ്ഞു: ഇന്ന് മറ്റുള്ളവർ സമർപ്പിക്കുന്ന ഇസ്ലാമിന്റെ മുഖം ശരിയല്ല. ഇസ്ലാമിന്റെ സമാധാന നിർഭരവും സുന്ദരവുമായ മുഖം കാഴ്ചവെക്കുന്നത് ഈ അഹ്മദിയ്യ ജമാഅത്താണ്.

ഈ മേയർ 5 മിനിറ്റ് നേരത്തേക്കാണ് വന്നിരുന്നത്. എന്നാൽ തന്റെ സംക്ഷിപ്ത പ്രസംഗത്തിനു ശേഷം ഹുദൂറിന്റെ വിജ്ഞാന നിർഭരമായ പ്രഭാഷണം കേൾക്കാന് ഇരുന്നതിനാൽ പിന്നെ എഴുന്നേക്കാൻ തോന്നിയില്ല.പ്രഭാഷണം പൂർണമായും ശ്രവിച്ചു. ശേഷവും അരമണിക്കൂറോളം പന്തലിൽ ഇരുന്നു. വളരെയധികം ആക്യഷിതനായ അദ്ദേഹം

'നിങ്ങളുടെ എന്ത് പ്രവ്യത്തിയുണ്ടെങ്കിലും എന്നോടു പറയുക. ഞാൻ ഹാജരായിരിക്കും' എന്നു പറഞ്ഞതിനു ശേഷമാണ് മടങ്ങിയത്.

2008 ഒക്ടോബർ 10 - ന് ഫ്രാൻസിലെ മസ്ജിദ് മുബാറക്ക് ഹുദൂർ ഉൽഘാടനം ചെയ്തിരുന്നു. ഈ വേദിയിലും മേയർ ഹാജരായിരുന്നു. തുടർന്ന് ഇന്ന് വീണ്ടും കൂടിക്കാഴ്ചക്ക് വന്നു.അദ്ദേഹം പറയുന്നു: 'എനിക്ക് ഹുദൂറിനെ കണ്ടതിൽ വളരെയധികം സന്തോഷമുണ്ട്. ഹുദൂറിനെ കാണാനാണ് ഞാൻ വന്നത്.'

**ഹുദൂർ**: നിങ്ങളുടെ പ്രവ്യത്തികളൊക്കെ എങ്ങനെ നീങ്ങുന്നു?

മേയർ: നമ്മുടെ പ്രദേശം ഒരു മേഖല പോലെയാണ്. എല്ലാം നല്ലതാണ്.

(തുടരും)

പേജ് 5 ൽ നിന്ന്

ങ്ങൾ ഇരുന്നു ജൽസ കേൾക്കുന്നു. ഈ ഒരു കാഴ്ച അഹ്മദിയ്യത്തിൽ മാത്രമെ കാണാൻ സാധിക്കുകയുള്ളൂ. മറ്റു മുസ്ലിമീങ്ങൾക്ക് ഇത് സാധ്യമല്ല.'

'zambiaയുടെ കിഴക്കൻ സംസ്ഥാനത്തെ പട്ടണമായ ലൂസാൻഗാസി(Lusangazi)യിലെ പുതുതായി ബയ്അത്ത് ചെയ്ത വ്യക്തിയാണ് അലി സാഹിബ്. അദ്ദേഹം തന്റെ പ്രദേശത്തെ ഹെഡ്മാനുമാ (headman)ണ്. അദ്ദേഹം പറയുന്നു: 'ഞങ്ങൾ ക്രിസ്തു മതത്തിൽനിന്നാണ് അഹ്മദിയായത്. ഞങ്ങളുടെ ഗ്രാമത്തിൽ ഫെബ്രുവരി 2021-ലാണ് ജമാഅത്ത് സ്ഥാപിതമാകുന്നത്. അതിനുശേഷം അനഹ്മദി മൗലവിമാർ പല തവണ ഇവിടെ വരുകയും ജമാഅത്തിനെതിരെ ജനമനസ്സുകളിൽ പല തരത്തിലുള്ള സംശയങ്ങളും തെറ്റുധാരണകളും വിദ്വേഷങ്ങളും നിറക്കാൻ ശ്രമിക്കുകയും ചെയ്തു.' ക്രിസ്ത്യാനി യായിരുന്നപ്പോൾ ആർക്കും ഒരു പ്രശ്നവുമില്ലായിരുന്നു. എന്നാൽ, അഹ്മദിയായതും അനഹ്മദി മൗലവിമാർ ഇവരുടെ ദീൻ നന്നാക്കാൻ എത്തിച്ചേർന്നു. പറയുന്നു: 'ഇപ്പോൾ ഞങ്ങൾക്ക് ജൽസ സാലാന യു. കെ. കാണുവാനുള്ള തൗഫീഖ് ലഭിച്ചു.

## ഹദീഥുന്നബ്വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്."**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

ത്വാലിബെ ദുആ: K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

## ഹദീഥുന്നബ്വി(സ):

**"ആര് എന്റെമേൽ സ്വലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഞങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ ആദ്യമായാണ് ഒരു വ്യവസ്ഥാപിതമായ ജൽസ കാണുന്നത്. പകർച്ചവ്യാധിയുടെ ഇക്കാലത്തും ഇത്രയധികം ആളുകൾ ഒരുമിച്ച് കൂടുന്നതും പല രാജ്യങ്ങളിലെ് ഭരണകൂട പ്രതിനിധികൾ തങ്ങളുടെ വീഡിയോ സന്ദേശങ്ങൾ അയക്കുകയും ചെയ്തിരിക്കുന്നു.(ഇതെല്ലം വ്യവസ്ഥാപിതമായി സംവിധാനിക്കപ്പെട്ടിരിക്കുന്നു) അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് ജൽസ കണ്ടതിനുശേഷം ഞങ്ങളുടെ എല്ലാ സംശയങ്ങളും ദുരീകരിക്കപ്പെട്ടു. അഹ്മദിയ്യത്ത് ഇപ്പോൾ ഒരു ചെറിയ സംഘത്തിന്റെ പേരല്ല. മറിച്ച് അതൊരു ആഗോള ജമാഅത്താണ്. കാലത്തിന്റെ ഖലീഫ സ്ത്രീകളുടെയും മറ്റുള്ളവരുടെയും അവകാശങ്ങളെ കുറിച്ച് ഇസ്‌ലാമിക അധ്യാപനങ്ങൾ വിവരിച്ചപ്പോൾ സ്ത്രീകൾക്കും അവകാശങ്ങളുണ്ടോ എന്നോർത്ത് ഞങ്ങൾ ആശ്ചര്യപ്പെട്ടുപോയി, ഞങ്ങൾ ഞങ്ങളുടെ സ്ത്രീകളെ കണക്കിൽപെടുത്തിയിട്ടേ ഉണ്ടായിരുന്നില്ല. ഞങ്ങൾ ഇവിടെ കണ്ടതും കേട്ടതുമെല്ലാം തിരിച്ചുചെന്ന് മറ്റ് സഹോദരങ്ങളുടെ ഈമാൻബലപ്പെടുത്തുന്നതിനുംഈകാര്യങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ടിയും അവർക്കും ഈ കാര്യങ്ങൾ പകർന്നു നൽകുന്നതായിരിക്കും.

മലേഷ്യയിലെ ഒരു പുതിയ അഹ്മദി റുസ്‌ലി ബിൻ മാപ്പാസുല്ലെ (Rusli Bin Mappasulle) സാഹിബ് പറയുന്നു: 'യു.കെ. ജൽസ സാലാന കണ്ട് ഞാൻ അല്ലാഹുവിനോട് നന്ദി പറയുകയാണ്. അവൻ എനിക്ക് അഹ്മദിയ്യാ ജമാഅത്തിൽ ചേരുവാനും കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാനുമുള്ള തൗഫീഖ് നൽകിയിരിക്കുന്നു. ഞാൻ യു.കെ.യിൽ അല്ലായിരുന്നു. എന്നിരുന്നാലും എനിക്ക് കാലത്തിന്റെ ഖലീഫയെ കാണാനും അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കാനുമുള്ള അവസരം ലഭിച്ചിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിൽ ഞാൻ ചേർന്നില്ലായിരുന്നുവെങ്കിൽ ഈ അനുഗ്രഹങ്ങളിൽനിന്നു ഞാൻ വിദൂരസ്ഥനാവുമായിരുന്നു. ഖിലാഫത്തിന് ഞാൻ എപ്പോഴും വിശ്വസ്തനും അനുസരണയുള്ളവനും ആയിരിക്കുമെന്ന് ഞാൻ ഇപ്പോൾ വാഗ്ദാനം ചെയ്യുന്നു.'

ബ്രസീലി(Brazil)ലെ ഒരു സ്ത്രീയാണ് പ്രിസിലാ മർലെമെ(Pricilla Marleme)സാഹിബ. കുറച്ച് മാസങ്ങൾക്കു മുമ്പേയാണ് അവർ ബയ്അത്ത് ചെയ്തത്. അവർ പറയുന്നു: 'എനിക്ക് ആദ്യമായാണ് ജൽസ കാണാനുള്ള തൗഫീഖ് ലഭിച്ചത്.' ഭാഷ മനസ്സിലാവാതിരുന്നിട്ടും ധാരാളം കാര്യങ്ങൾ അറിയാനും പഠിക്കാനും സാധിച്ചു. എനിക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നൽകിയ അല്ലാഹുവിന് ഞാൻ നന്ദി പറയുന്നു.'

ഗിനി-ബിസോ(GuineaBissau)യിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു: 'ഗിനി-ബിസോയിലെ ദൂരെയുള്ള ഒരു സ്ഥലത്തെ നാല് നവ അഹ്മദി ലജ്നകൾ എട്ട് കിലോമീറ്ററുകൾ കാൽനടയായി തങ്ങളുടെ അടുത്ത ജമാഅത്തായ മസ്‌റയിൽ ജൽസ സാലാന യു. കെ. കാണാൻ പോയി. എന്റെ പ്രഭാഷണം കേട്ടതിനുശേഷം അവർ ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടാണ് ഞങ്ങൾ ജമാഅത്ത് സ്വീകരിച്ചത്. ഇന്ന് ഖലീഫയുടെ പ്രഭാഷണം കേട്ടതിനുശേഷമാണ് മുമ്പേ ഞങ്ങൾ എത്ര വലിയ അനുഗ്രഹത്തിൽനിന്നാണ് അകന്നിരുന്നതെന്ന് മനസ്സിലായത്. ഇന്ന് അഹ്മദിയ്യത്തിലുള്ള ഞങ്ങളുടെ വിശ്വാസം നൂറു ശതമാനവും പൂർത്തിയായി. ഇനി എപ്പോഴും കാലത്തിന്റെ ഖലീഫയുടെ ഖുത്ബ കേൾക്കാൻ വരുമെന്ന് ഞങ്ങൾ പ്രതിജ്ഞ ചെയ്യുകയാണ്.' എത്തരത്തിലുള്ള മാറ്റങ്ങളാണ് അല്ലാഹു വരുത്തുന്നത്.!

ഗയാന(Guyana)യിൽ നിന്ന് ആളുകൾ ലൈവ് സ്ട്രീം വഴി ജൽസയിൽ പങ്കുകൊണ്ടു. ഒരു പുതിയ അഹ്മദി മുസഫ്ഫർ കയൂസി(Kwesi) സാഹിബ് പറയുന്നു: 'എന്റെ ആദ്യ ജൽസയാണ്. വളരെ മഹത്തായൊരു അനുഭവമായിരുന്നു. പ്രത്യേകിച്ച് എന്റെ അഹ്മദി സഹോദരങ്ങളുടെ കൂടെ ഖലീഫയെ കാണുകയും അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കുകയും ചെയ്തപ്പോൾ അതെനിക്ക് വളരെ നല്ല ഒരു അനുഭവമായി മാറി. ഇതിനുമുമ്പേ ഞാൻ ഒരു മുസ്‌ലിം സ്ത്രീയും ഇത്ര മനോഹരമായി തിലാവത്ത് ചെയ്യുന്നത് കേട്ടിട്ടില്ല.' വീണ്ടും പറയുന്നു: 'നമ്മുടെ ജമാഅത്തിലെ സഹോദരങ്ങൾ പല പ്രദേശങ്ങളിൽനിന്നും ഗ്രാമങ്ങളിൽനിന്നും ജൽസ കേൾക്കാനായി ഒത്തുചേർന്നത് അല്ലാഹു സുബ്ഹാനഹു തആലാ നൽകിയ ഖിലാഫത്തിന്റെയും അഹ്മദിയ്യത്തിന്റെയും അനുഗ്രഹങ്ങളാണ്. അതുപോലെ ലോകത്തെ പല രാജ്യങ്ങളിലേയും ജമാഅത്തുകളിൽനിന്ന് സഹോദരങ്ങൾ ജൽസയിൽ virtually പങ്കെടുത്തതായി കണ്ടതും വളരെ നല്ല ഒരു അനുഭവമായിരുന്നു. എനിക്ക് അറിയുകപോലുമില്ലാത്ത പല രാജ്യങ്ങളും ഞാൻ കണ്ടു. അവിടെയൊക്കെ അഹ്മദിയ്യത്ത് എത്തിയിരിക്കുന്നു. സഹോദരങ്ങൾ ഒത്തുചേർന്ന് ജൽസക്കുവേണ്ടി ഡ്യൂട്ടി ചെയ്യുന്നതും ഞാൻ കണ്ടു. യു. കെ. യിലെ ബാങ്കിൽ ജോലി ചെയ്യുന്ന ഒരു സഹോദരൻ തന്റെ ജോലിയിൽനിന്ന് ലീവെടുത്ത് ജൽസക്കുവേണ്ടി പ്രവൃത്തിക്കുന്നു. അദ്ദേഹം തന്റെ കാറിൽ കിടന്നുറങ്ങുന്നു. ജനങ്ങൾ ത്യാഗസന്നദ്ധരാണെന്നും സൽകർമികളാണെന്നുമാണ് ഇതിൽനിന്നെല്ലാം മനസ്സിലാവുന്നത്.'

മൗറീഷ്യസിലെ(Mauritius) ഒരു പുതിയ അഹ്മദി സ്വഫ്‌വാൻ സാഹിബ് ലൈവ് സ്ട്രീമിങ് വഴി ജൽസയിൽ പങ്കെടുത്തു. അത് അദ്ദേഹത്തിന്റെ ആദ്യത്തെ അനുഭവമായിരുന്നു. അദ്ദേഹം പറയുന്നു: 'തീർച്ചയായും ഇത്തരത്തിൽ പങ്കെടുത്തതിനാൽ ഞാൻ ഖിലാഫത്തുമായി കൂടുതൽ അടുക്കുകയാണ്. ഖലീഫയുടെ ഓരോ വാക്കും എന്റെ മനസ്സിലാണ് വന്നുപതിച്ചത്. ജമാഅത്തിൽ ചേരുവാനുള്ള എന്റെ തീരുമാനത്തിൽ ഞാൻ വളരെയധികം സന്തോഷവാനാണ്. എം. ടി. എ യിലെ പ്രോഗ്രാമുകൾ മുഖേന ഞാൻ മസീഹ് മൗഊദ് (അ) നെ കുറിച്ച് കൂടുതൽ പഠിക്കുകയാണ്.'

ഓസ്ട്രിയ(Austria)യിൽ നിന്ന് അശ്റഫ് സിയാ സാഹിബ് പറയുന്നു: ഡോണടെല്ല(Donatella) സാഹിബ ഈ വർഷം ആദ്യമാണ് ബയ്അത്ത് ചെയ്തത്. അവർ പറയുന്നു: 'ഖലീഫ പറഞ്ഞ കാര്യങ്ങളെല്ലാംതന്നെ ആവേശമുളവാക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ടുകൊണ്ടിരിക്കുമ്പോൾ എനിക്ക് കരച്ചിൽ വന്നുകൊണ്ടിരുന്നു. തീർച്ചയായും ഇസ്‌ലാം ജീവിതം നൽകുന്ന സത്യമാർഗമാകുന്നു. എന്റെ ജീവിതവും മെല്ലെ മെല്ലെ മാറുകയാണ്. അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നൽകിയ അല്ലാഹുവിന് ഞാൻ നന്ദിപറയുകയാണ്.' ഇവർ ഓസ്ട്രിയക്കാരിയാണ്. ജൽസയിൽ പങ്കെടുത്തതിനുശേഷം അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ ധാരാളം സംഭവങ്ങളുണ്ട്. ഐവറികോസ്റ്റിൽനിന്നു ഒരു അനഹ്മദി സഹോദരൻ ഹുസയ്ൻ സാഹിബ് പറയുന്നു: 'ജൽസയുടെ മൂന്ന് ദിവസങ്ങളിലെയും പ്രോഗ്രാമുകൾ കാണാനുള്ള അവസരം ലഭിച്ചു. വളരെയധികം ഈമാൻ വർധകമായിരുന്നു അവ. പറയുന്നു: കളവിന് അധികം ആയുസില്ല, അത് സ്വയമേവ മരിച്ചു പോകുന്നു. എന്നാൽ, സത്യം എന്നെന്നും നിലനില്ക്കുന്നു. ഈ ഒരു തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ദൈനംദിന വളർച്ച സ്വയം അതിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവാണ്.' പറയുന്നു: 'ജൽസ അവസാനിച്ചതിനുശേഷം ഞങ്ങൾ കുറച്ചുപേർ ഒരു restaruanteൽ സംസാരിച്ചിരിക്കുകയായിരുന്നു. അപ്പോൾ അപരിചതനായ ഒരു വ്യക്തി പറഞ്ഞു: 'ഇന്ന് യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ജമാഅത്ത് ഉണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്.' ഇത്രയും പറഞ്ഞ് ആ അപരിചിതൻ പോയി. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് വാക്കാൽ മാത്രമല്ല കർമപരമായും യഥാർഥ ഇസ്‌ലാം അനുസരിച്ച് പ്രവർത്തിക്കുന്നവർ ആണെന്ന ഞങ്ങളുടെ സംസാരത്തെ അത് സത്യപ്പെടുത്തി. ഇതിനുശേഷം ഹുസയ്ൻ സാഹിബ് നമ്മുടെ മുഅല്ലിം സാഹിബുമായി ബന്ധപ്പെടുകയും താൻ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നു വെന്നും പറയുകയും ഇനിയും കൂടുതൽ കാലം ഈ സത്യത്തിൽനിന്ന് അകന്നിരിക്കാൻ വയ്യെന്നും അറിയിക്കുകയും ചെയ്തു.'

കോംഗോ(Congo) ബ്രാസ്‌വിൽ എന്ന സ്ഥലത്തെ മുബല്ലിഗ് ഇൻചാർജ് പറയുന്നു: 'ഗാംബോമാ(Gamboma) ജമാഅത്തിൽ മൂന്ന് ദിവസവും ജൽസയുടെ പ്രോഗ്രാമുകൾ ലൈവായി ടിവിയിലും റേഡിയോയിലും കാണിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഈ പ്രദേശത്ത് വെറും ഒരു ടീ.വി സ്റ്റേഷൻ മാത്രമാണുള്ളത്. അതിൽ നമ്മുടെ ജൽസയുടെ പ്രോഗ്രാമുകൾ നടന്നുകൊണ്ടിരുന്നു. ഏകദേശ കണക്കനുസരിച്ച് 4000 പേരെങ്കിലും നമ്മുടെ ജൽസ കാണുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ട്. ഗാംബോമായുടെ അടുത്ത പ്രദേശങ്ങളിലെ മൂന്ന് ജമാഅത്തുകളും റേഡിയോമുഖേന ജൽസയിൽ പങ്കെടുത്തു. ഈ പ്രദേശങ്ങളിൽ currentന്റെ സൗകര്യമില്ല. അതുകൊണ്ട് ജനങ്ങൾ റേഡിയോയിലാണ് ജൽസ കേൾക്കുന്നത്. എന്റെ പ്രഭാഷണങ്ങളുടെ തർജമ ലോക്കൽ ഭാഷയായ ലിങ്കാല(Lingala) യിൽ നടക്കുന്നുണ്ടായിരുന്നു. അതും അവർ കേൾക്കുകയുണ്ടായി. അൽഹംദുലില്ലാഹ് പ്രോഗ്രാം വളരെ നന്നായിരുന്നുവെന്ന് ജമാഅത്തിലുള്ളവരും മറ്റുള്ളവരും ഒരുപോലെ അഭിപ്രായപ്പെട്ടു. മൂന്ന് ദിവസവും എല്ലാതരത്തിലും ജൽസയുടെ അന്തരീക്ഷം തന്നെയായിരുന്നു ഉണ്ടായിരുന്നത്. ജൽസയിൽ തയ്യാറാക്കുന്ന രീതിയിൽ ഭക്ഷണവും തയ്യാറാക്കിയിരുന്നു. ജൽസയുടെ ഇടയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 12 വ്യക്തികൾക്ക് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാനുള്ള തൗഫീഖ് ലഭിച്ചു.'

ഗിനി-ബിസോയിലെ മുബല്ലിഗ് എഴുതുന്നു: 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചവർ സ്വന്തം പ്രദേശത്തുള്ള തങ്ങളുടെ പ്രിയപ്പെട്ടവരെയും

ബന്ധുക്കളെയും ധാരാളമായി തബ്ലീഗ് ചെയ്തുവരുന്നു. ജൽസ സാലാനായുടെ അനുഗൃഹീത അവസരത്തിൽ ജൽസയുടെ പ്രോഗ്രാമുകൾ കേൾക്കണമെന്ന് ആഹ്വാനം ചെയ്തപ്പോൾ പുതിയതായി ബയ്അത്ത് ചെയ്ത സഹോദരങ്ങൾ തങ്ങളുടെ പ്രിയപ്പെട്ടവരെയും ബന്ധുക്കളെയും എന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ പ്രത്യേകമായി ക്ഷണിച്ചു.' പറയുന്നു: 'ജനങ്ങൾ 18 കിലോമീറ്ററും 30 കിലോമീറ്ററുമെല്ലാം സൈക്കിളോടിച്ച് ജൽസ കേൾക്കാൻവേണ്ടി അവിടെ എത്തിച്ചേർന്നു. ഭൂരിപക്ഷംപേരും ആദ്യ ദിവസത്തെ പ്രഭാഷണം കേൾക്കാനുള്ള ഉദ്ദേശ്യത്തോടെ മാത്രമാണ് വന്നിരുന്നത്. എന്നാൽ, അവർ എന്റെ ആദ്യ ദിവസത്തെ പ്രഭാഷണം കേട്ടപ്പോൾ തങ്ങളുടെ തീരുമാനം മാറ്റുകയും അടുത്ത മൂന്ന് ദിവസവും അവിടെ താമസിക്കാൻ തീരുമാനിക്കുകയും ചെയ്തു. മൂന്നാം ദിവസത്തെ സമാപന പ്രഭാഷണം കേട്ടപ്പോൾ അവർ ഇപ്രകാരം പറഞ്ഞു: 'നിങ്ങളുടെ ഖലീഫ ഞങ്ങളുടെ ഹൃദയങ്ങൾ കീഴടക്കിയിരിക്കുന്നു. അദ്ദേഹം മുന്നോട്ട് വെക്കുന്ന ഇസ്‌ലാം തന്നെയാണ് യഥാർഥ ഇസ്‌ലാം. ഈ അവസരത്തിൽ 127 സ്ത്രീ പുരുഷന്മാർ അഹ്മദിയ്യത്ത് സ്വീകരിച്ചു. കൂട്ട ബയ്അത്ത് നടക്കുകയും ചെയ്തു.'

കോംഗോയിലെ മുഅല്ലിം ഇബ്റാഹീം സാഹിബ് പറയുന്നു: ഒരു ക്രൈസ്തവ സഹോദരൻ മൗക് ഞാൻസിബി(Mouk Ngantsibi) സാഹിബിനെ ജൽസ കാണാൻ ക്ഷണിക്കുകയുണ്ടായി. അദ്ദേഹം തന്റെ ഭാര്യയുമായി ജൽസ കാണാൻ വന്നു. ജൽസക്കുശേഷം അദ്ദേഹം തന്റെ ഭാര്യയോടു പറഞ്ഞു: 'ഇത്തരത്തിലുള്ള അധ്യാപനങ്ങളും മാർഗനിർദേശങ്ങളും നമുക്കെവിടെനിന്നും ലഭിക്കുകയില്ല. നമ്മൾ നമ്മുടെ ജീവിതത്തിന്റെ ഒരു വലിയഭാഗം ക്രിസ്തുമതത്തിൽ പാഴാക്കി. ഇവിടെ നമ്മൾ കഴിഞ്ഞ മൂന്ന് ദിവസങ്ങളിൽ സ്വായത്തമാക്കിയ കാര്യങ്ങൾ ക്രിസ്തുമതത്തിൽ മുഴുജീവിതം കഴിച്ചുകൂട്ടിയാലും സ്വായത്തമാക്കാൻ സാധ്യമല്ല. നമ്മൾ ഇവരുടെ കൂടെ ചേരുന്നത് തന്നെയാണ് നമുക്ക് നല്ലത്.' അങ്ങനെ ഭാര്യയും ഭർത്താവും കുട്ടികളും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ഗിനി-ബിസാവോയിലെ മുബല്ലിഗ് ഇൻചാർജ് സാഹിബ് എഴുതുന്നു: ഗിനി-ബിസാവോയിലെ ബാഫ്ത്താ റീജിയണിൽനിന്നുള്ള ഒരു അനഹ്മദി സഹോദരൻ കമ്പാ ജാവു സാഹിബ് ജൽസ സാലനാ യു. കെ. യിലെ മൂന്നു ദിവസത്തെയും പരിപാടികൾ കേട്ടു. എന്റെ പ്രഭാഷണവും കേട്ടു. പിന്നീടു പറഞ്ഞു: 'ഇസ്‌ലാമിന് ഈ സമയത്ത് ഒരു ലീഡറുടെ ആവശ്യമുണ്ട്. ആ ലീഡർ ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ പക്കൽ ഖലീഫയുടെ രൂപത്തിലുണ്ട്. ഇതിൽ മാത്രമെ മുഴുവൻ ഇസ്‌ലാമിക ലോകത്തിനും ഐക്യപ്പെടാൻ സാധിക്കുകയുള്ളു.' അങ്ങനെ അദ്ദേഹം ജൽസ അവസാനിച്ചതും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

കോംഗോ ബ്രാസവിലിൽനിന്ന് ഒരു ക്രൈസ്തവ സഹോദരൻ അങ്കു താനി സാഹിബ് പറയുന്നു: 'ഞാനൊരിക്കൽപോലും ഒരു മതത്തിലും താൽപര്യം കാണിച്ചിട്ടില്ല. എന്തെന്നാൽ മതവുമായി ബന്ധപ്പെട്ടവർ സാത്വികരല്ല എന്നതാണ് ക്രൈസ്തവ മതത്തെ സംബന്ധിച്ച് എനിക്ക് തോന്നിയിട്ടുള്ളത്. എന്റെ സഹോദരൻ മുമ്പേതന്നെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള വ്യക്തിയാണ്. അദ്ദേഹം എന്നെ ജൽസ കാണാൻ ക്ഷണിച്ചത് പ്രകാരമാണ് ഞാൻ ജൽസ കാണാൻ വന്നത്. ജൽസ കേൾക്കുന്നിടത്തോളം എന്റെ ഉള്ളിൽ മാറ്റങ്ങൾ സംഭവിക്കാനും എനിക്ക് മതത്തോട് താൽപര്യം ജനിക്കാനും തുടങ്ങി. ഖലീഫയുടെ പ്രഭാഷണങ്ങൾ കേട്ട് ആദ്യമായി മതം സത്യമാണെന്ന് എന്റെ ഹൃദയം മന്ത്രിച്ചു. സത്യമതത്തിൽ ഹൃദയങ്ങളെ മാറ്റിമറിക്കാനുള്ള ശക്തിയുണ്ടാവും. ഞാൻ എന്റെ ജീവിതത്തിൽ ഇസ്‌ലാം-അഹ്മദിയ്യത്തിനെ മതമായി സ്വീകരിക്കുന്നു.'

നൈജറിലെ ഒരു അനഹ്മദി സഹോദരൻ ജൽസ കേൾക്കുകയും അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുവാനുമുള്ള തൗഫീഖ് ലഭിക്കുകയും ചെയ്തു. പറയുന്നു: 'ജൽസയുടെ പ്രോഗ്രാമുകൾ കേട്ട് ഞാൻ വളരെ സ്വാധീനിക്കപ്പെട്ടിരിക്കുന്നു. ഞാൻ തേടി അലഞ്ഞുകൊണ്ടിരുന്ന സത്യം എനിക്ക് ലഭിച്ചിരിക്കുന്നു. ഇപ്പോൾ ഞാൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു.'

സെനഗലിൽനിന്ന് മുസഫ്ഫർ ഇഖ്ബാൽ സാഹിബ് പറയുന്നു: 'അംബൂർ റീജ്യണിൽ ജൽസയുടെ മൂന്നു ദിവസവും എന്റെ പ്രഭാഷണങ്ങൾ നാലു റേഡിയോ സ്റ്റേഷൻ വഴിയും ഒരു ടീ.വി സ്റ്റേഷൻ വഴിയും തൽസമയ സംപ്രേഷണം ചെയ്തിരുന്നു. റേഡിയോ സ്റ്റേഷനിലെ ആതിഥേയൻ ഈ പ്രഭാഷണങ്ങൾ കേട്ട് അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇദ്ദേഹം നല്ല വിദ്യാസമ്പന്നനും പൊതു ജനങ്ങളുടെ ഇടയിൽ വളരെ സ്വീകാര്യനുമാണ്. അദ്ദേഹം പറയുന്നു: 'ഞാൻ ജമാഅത്തിനെ കുറിച്ച് പല കാര്യങ്ങളും കേട്ടിരുന്നു. എന്നാൽ, ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ടതിനുശേഷം സത്യാവസ്ഥ എന്താണെന്ന് എനിക്കു മനസ്സിലായി. അതുകൊണ്ട് ഞാൻ ജമാഅത്തിൽ പ്രവേശിക്കുന്നു. അന്നുതന്നെ അദ്ദേഹം തന്റെ കുടുംബത്തോടൊപ്പം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.'

കാമറൂണിലെ മർവ നഗരത്തിലെ ഒരു ലോക്കൽ ഇമാം പറയുന്നു: 'ജൽസയിലെ ഏറ്റവും സ്പെഷ്യലായ കാര്യം ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങളാണ്. ജമാഅത്തിന്റെ ഖലീഫ എല്ലാ കാര്യങ്ങളും ഖുർആനിൽനിന്നും ഹദീഥിൽ നിന്നുമാണ് പറയുന്നത്. അത് എന്റെ ഹൃദയത്തെ വളരെ സ്വാധീനിച്ചു. തീർച്ചയായും ഈ ജമാഅത്തും ഖലീഫയും അല്ലാഹുവിൽ നിന്നുള്ളവരാണ്. എന്റെ മനസ്സ് സംതൃപ്തമാണ്.' അങ്ങനെ അദ്ദേഹം തന്റെ സുഹൃത്തുക്കളോടൊപ്പം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. നീതിയോടെ കാര്യങ്ങൾ നോക്കികാണുന്നവർ ഉലമാക്കളിലുമുണ്ട്. സത്യ ഹൃദയത്തോടെ നോക്കിക്കാണുന്നവരും സ്വീകരിക്കുന്നവരും ഇവരിലുമുണ്ട്.

മാലിയിലും അനഹ്മദികൾ ജൽസയിൽ പങ്കെടുത്തു. ജമാഅത്തി റേഡിയോയിൽ ജൽസയുടെ മുമ്പേയും പിമ്പേയും ജൽസയെ കുറിച്ച് പ്രോഗ്രാമുകൾ നടന്നിരുന്നു. ജൽസയെ കുറിച്ച് എല്ലാ ദിവസവും റേഡിയോയിൽ അറിയിപ്പുകൾ പ്രക്ഷേപണം ചെയ്തു വന്നിരുന്നു. പറയുന്നു: 'ഞങ്ങളെല്ലാവരെയും മിഷൻഹൗസിൽ വന്ന് ജൽസ കാണാൻ ക്ഷണിച്ചു. അങ്ങനെ ജൽസയുടെ ദിവസങ്ങളിൽ അഹ്മദി സഹോദരങ്ങളെ കൂടാതെ അനഹ്മദികളും ജൽസയുടെ പ്രോഗ്രാമുകൾ കാണാൻ മിഷൻ ഹൗസിൽ വന്നു ചേർന്നു. ജൽസയുടെ സമാപന ദിവസം നാലുപേർ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. ഈ വ്യക്തികൾ വിദ്യാസമ്പന്നരായിരുന്നു. അവർ പറയുന്നു: ഞങ്ങൾ വളരെ കാലമായി 'കായി' നഗരത്തിൽ റേഡിയോ പ്രോഗ്രാമുകൾ കേൾക്കാറുണ്ട്. ഞങ്ങൾക്ക് അഹ്മദിയ്യത്തിൽ താൽപര്യമുണ്ടായിരുന്നു. റേഡിയോയിൽ ജൽസയെ കുറിച്ച് കേട്ടപ്പോൾ തീർച്ചയായും ഇവരുടെ ജൽസ കേൾക്കണമെന്ന് ഞങ്ങൾ ജിജ്ഞാസയോടെ ആഗ്രഹിച്ചു.'

ജൽസ കേട്ടതിനുശേഷം അവർ ഇപ്രകാരം പറഞ്ഞു: 'ഇസ്‌ലാമിന്റെ വളർച്ചയും വിജയവും അഹ്മദിയ്യത്തുമായി ബന്ധപെട്ടു കിടക്കുന്നു. അഹ്മദിയ്യത്ത് മുന്നോട്ടു വെക്കുന്ന ഇസ്‌ലാം തന്നെയാണ് യഥാർഥ ഇസ്‌ലാം. ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യം എന്താണെന്നാൽ മുസ്‌ലിമീങ്ങൾക്ക് മാർഗനിർദേശകനായി ഒരു ഖലീഫയെ അത്യാവശ്യമാണ്. ഈ കാലത്ത് ഇസ്‌ലാമിൽ ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടത് അഹ്മദിയ്യ ഖിലാഫത്ത് മുഖേനയാണ്.' അവർ തുടർന്ന് പറയുന്നു: 'ഇപ്പോൾ ഞങ്ങൾ പൂർണമായും അഹ്മദികളാണെന്ന് മാത്രമല്ല ഒരു അഹ്മദി മാസന്തോറും നൽകേണ്ട ചന്ദ എത്രയാണെന്ന് ഞങ്ങളെ അറിയിക്കുക. ഞങ്ങൾ ദീനിന്റെ സേവനത്തിന് ചന്ദയും നൽകുന്നതാണ്.'

മാലിയിലെ അമീർ സാഹിബ് എഴുതുന്നു: 'കായീ റീജ്യണിലെ മിഷൻ ഹൗസിൽ ജൽസ കാണുന്നതിന് അനഹ്മദി സഹോദരങ്ങളും വന്നിരുന്നു. ജൽസയുടെ മൂന്നാം ദിവസം പഴയ കാലത്തെ ബയ്അത്തിന്റെ വളരെ വിശ്വാസ വർധകമായ ദൃശ്യങ്ങൾ അടങ്ങിയ ഡോക്യുമെന്ററി കാണിക്കപ്പെട്ടപ്പോൾ വിദ്യാസമ്പന്നരായ അനഹ്മദികൾ ബയ്അത്തിന്റെ നിബന്ധനകൾ എന്താണെന്ന് ചോദിച്ചു. ഇടവേളയുടെ സമയത്ത് മുഅല്ലിം സാഹിബ് പ്രാദേശിക ഭാഷയിൽ അവിടെ സന്നിഹിതാരായിരുന്ന വ്യക്തികൾക്ക് ബയ്അത്തിന്റെ നിബന്ധനകൾ കേൾപ്പിച്ചു. അവിടെ ഉണ്ടായിരുന്ന അനഹ്മദികൾ പറഞ്ഞു: 'ഇത് ഇസ്‌ലാമിന്റെ രത്നച്ചുരുക്കമാണല്ലോ? ഇതിൽ സാമൂഹിക ജീവിതം നയിക്കാനുള്ള വ്യക്തമായ മാർഗനിർദേശമുണ്ട്. ഇതനുസരിച്ച് പ്രവൃത്തിക്കേണ്ടത് ഓരോരുത്തർക്കും വളരെ പ്രധാനപ്പെട്ടതും നിർബന്ധവുമാണ്.' അങ്ങനെ ജൽസക്കുശേഷം അവർ ബയ്അത്ത് ചെയ്തു.

ഘാനയിൽ ലൈവ് സ്ട്രീമിങ്ങ് വഴി ജനങ്ങൾ ജൽസയിൽ പങ്കെടുത്തു. ബുസ്താനെ അഹ്മദിന്റെ പച്ചപ്പുള്ള പരിസരത്ത് ജൽസ കാണാനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. പറയുന്നു: 'വളരെ നല്ല അന്തരീക്ഷമായിരുന്നു. അന്തരീക്ഷം ആത്മീയഭരിതമായിരുന്നു. അവിടെ രണ്ടു വലിയ സ്ക്രീനുകൾ സ്ഥാപിച്ചിരുന്നു. സഹോദരി സഹോദരന്മാർ ജൽസയുടെ പ്രോഗ്രാമുകൾ തൽസമയംതന്നെ കാണുന്നുണ്ടായിരുന്നു. മൂന്ന് ദിവസങ്ങളിലും 2500-ൽ അധികം സഹോദരി സഹോദരങ്ങൾ ജൽസ കാണുകയുണ്ടായി. ഖുമാസി അഹ്മദിയ്യാ സെന്ററിലും വിപുലമായ രീതിയിൽ ജൽസ കാണാനുള്ള ഏർപ്പാടു ചെയ്തിരുന്നു. അവിടെ മൂന്നുദിവസവും 2000 ലധികം ആളുകൾ പങ്കെടുത്തു. അപ്പർ വെസ്റ്റ് 'വാ'(Wa) നഗരത്തിൽ 12 മസ്ജിദുകളിൽ ജൽസാ പരിപാടികൾ ഒരുമിച്ചിരുന്ന് കേൾക്കാൻ ഏർപാടു ചെയ്തിരുന്നു. ഇതുപോലെ മറ്റു എല്ലാ റീജ്യണിലും

ഏർപാടുകൾ ചെയ്തിരുന്നു. മറ്റു ചാനലുകൾ മുഖേനയും എം.ടി.എ കണ്ടുകൊണ്ടിരുന്നു.... ഗ്വാട്ടിമാലയിൽ നിന്നുതന്നെ റാമിറോ മാർട്ടിനസ് (Ramiro Martinez) പറയുന്നു: 'എനിക്ക് ഇന്നത്തെ ദിവസം വളരെ പ്രധാനപെട്ടതായിരുന്നു. MTA യിലൂടെ യു.കെ ജൽസ സാലാനയും മറ്റു സ്ഥലങ്ങളിലെ വീഡിയോയും കണ്ടപ്പോൾ ഈ ആഗോള വ്യവസ്ഥിതി തീർച്ചയായും ദൈവിക വ്യവസ്ഥിതിയാണെന്ന് എനിക്കുറപ്പായി. കാലത്തിന്റെ ഖലീഫ തീർച്ചയായും അല്ലാഹുവിൽനിന്നു നിയമിക്കപെട്ടയാളാണ്. അവിടന്ന് നമുക്കിന്ന് മുസ്‌ലിമീങ്ങളുടെ എങ്ങനെയുള്ള മുഖമാണ് സമൂഹത്തിനു കാണിച്ചു കൊടുക്കേണ്ടതെന്ന് പറഞ്ഞുതരുന്നു. ഞാൻ വളരെ സന്തോഷവാനാണ്. ഭാവിയിൽ ഞാൻ കാലത്തിന്റെ ഖലീഫയുടെ ഖുത്ബകൾ എപ്പോഴും കേൾക്കുന്നതാണ്.' ഇദ്ദേഹം 35 വർഷംവരെ ബൈബിൾ പഠിപ്പിച്ചുകൊണ്ടിരുന്നയാളാണ്. വിവിധ ക്രിസ്തീയ വിഭാഗങ്ങളിൽ മെമ്പറായിരുന്നു. എന്നാൽ, എപ്പോഴും അഭിപ്രായവ്യത്യാസമുള്ളതിനാൽ ഒരു വിഭാഗത്തിൽ നിന്ന് മറ്റൊരു വിഭാഗത്തിലേക്കു മാറിക്കൊണ്ടിരുന്നു. പിന്നീട് സ്വയം അന്വേഷണം നടത്തി അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ചു. മസ്ജിദിൽ നിന്ന് 20 കിലോമീറ്റർ ദൂരെയാണ് ഇദ്ദേഹത്തിന്റെ വീടുള്ളത്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ഇതുവരേക്കും ഒരിക്കൽ വണ്ടികേടു വന്ന കാരണത്താൽ ജുമുഅയ്ക്കു വരാൻ കഴിയാതിരുന്നതൊഴിച്ചാൽ ബാക്കി എല്ലാ ദിവസവും ജുമുഅയ്ക്കു വന്നിരുന്നു. അഞ്ചുനേര നമസ്കാരത്തിനുള്ള സൗകര്യം വീട്ടിൽ ഒരുക്കിയിരിക്കുന്നു.

ഗ്വാട്ടിമാലയിൽ നിന്നു ഇവാലിൻ ഗോൺസലേസ്(Evalin Gonzalez) പറയുന്നു: 'അഹ്മദിയ ജമാഅത്തിന് ഒരു വ്യവസ്ഥിതിയുണ്ടെന്നും എല്ലാവരും ഐക്യത്തോടുകൂടിയാണ് കഴിയുന്നതെന്നുംയു.കെ.ജൽസസാലാനയിൽനേരിട്ടു പങ്കെടുത്തതുകൊണ്ട് എനിക്ക് മനസ്സിലായി. ഈ വ്യവസ്ഥിതിയുടെ ഭാഗമാകാൻ എനിക്ക് അവസരം ലഭിച്ചതിൽ ഞാൻ ദൈവത്തിന് നന്ദിയുള്ളവളാണ്. കാലത്തിന്റെ ഖലീഫയുടെ വാക്കുകൾ കേൾക്കുവാൻ ലോകത്തിലെ വലിയൊരു വിഭാഗത്തിനുകഴിയുന്നില്ലെന്നുള്ളത് വ്യസനകരമായ കാര്യമാണ്. അതുകൊണ്ടുതന്നെയാണ് ലോകത്ത് പ്രശ്നങ്ങളും യുദ്ധാവസ്ഥയും ഉണ്ടാകുന്നത്. ദുആകൊണ്ട് എല്ലാം സാധിക്കുമെന്നും എന്റെ ഒരുപാടു പ്രശ്നങ്ങൾ ദുആകൊണ്ട് പരിഹരിക്കപ്പെട്ടുവെന്നും അഹ്മദിയ്യത്തിൽ പ്രവേശിച്ചുകൊണ്ട് എനിക്ക് മനസ്സിലായി. എന്റെ നശിച്ചുപോവാനിരുന്ന ഭവനം ഖലീഫയുടെ ദുആകൊണ്ട് രക്ഷപെട്ടു. കാലത്തിന്റെ ഖലീഫക്ക് നന്ദിപറയുവാൻ എനിക്ക് വാക്കുകൾ കിട്ടുന്നില്ല്.' അവർ പറയുന്നു: 'ആദ്യമായി പങ്കെടുക്കുന്നതുകൊണ്ട് ഇത് വിജയത്തിന്റെ വർഷമാണെന്ന് എനിക്ക് പറയാൻ സാധിക്കും. നമ്മൾ പരിപൂർണരൊന്നുമല്ലെങ്കിലും നമ്മുടെ ആത്മീയതയുടെ പുതിയൊരു യാത്ര തുടങ്ങിയിരിക്കുകയാണ്. ഇനി ഞാൻ തുടർന്ന് എല്ലാ വർഷവും ജൽസയിൽ പങ്കെടുക്കുന്നതാണ്.'

നൈജറിലെ അഹ്മദി സുഹൃത്ത് ഏസിയ ബാബാ പറയുന്നു: ഞാൻ ഖുത്ബയിൽ അതിഥിസൽക്കാരത്തെ കുറിച്ച് കേട്ടു. ഇമാം മഹ്ദി(അ) എങ്ങനെയാണ് തന്റെ സുഖത്തെക്കാൾ കൂടുതൽ അതിഥികളുടെ സുഖത്തിന് മുൻതൂക്കം കൊടുത്തിരുന്നതെന്ന്! കാലത്തിന്റെ ഖലീഫ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉദാഹരണം സമർപിച്ചു. അതിഥികളുടെ സുഖത്തിനുവേണ്ടി തന്റെ കട്ടിലുംകൂടി നല്കി. രാത്രിമുഴുവൻ വളരെ പ്രയാസത്തിൽ കഴിച്ചുകൂട്ടി. പിന്നീട് ഇതിന്റെ ഉദാഹരണം ഞാൻ ജൽസയിൽ കണ്ടു. എങ്ങനെയായിരുന്നു സാഹോദര്യ ബന്ധത്തിന്റെ അന്തരീക്ഷം സ്ഥാപിതമായത്. ചെളിയിൽ പൂണ്ടുപോയ കാറുകൾ ഖുദ്ദാം തങ്ങളെ ഒട്ടും ഗൗനിക്കാതെ പുറത്തെടുക്കുന്നു. ഒരുപക്ഷേ, ഇതേ സാഹോദര്യബന്ധത്തിന്റെ കുറവുകൊണ്ടാണ് ഇന്ന് മുസ്‌ലിമീങ്ങൾ നിന്ദിതരും അപമാനിതരും ആയിക്കൊണ്ടിരിക്കുന്നത്. അതിനുള്ള പരിഹാരവും ഖലീഫത്തുൽ മസീഹ് പറഞ്ഞു.'

അൽബേനിയായിൽനിന്ന് സ്വമദ് ഗോറി സാഹിബ് എഴുതുന്നു: ഒരു സുഹൃത്ത് ഡോക്ടർ ബുജാർ സാഹിബ് പറഞ്ഞു: 'ഞാൻ കാലത്തിന്റെ ഖലീഫയുടെ ഖുത്ബകൾക്കു പുറമെ ജൽസാസാലാന യു.കെ.യിലെ മറ്റു പരിപാടികളും കണ്ടു. ഇന്നത്തെ ഇക്കാലഘട്ടത്തിൽ ജൽസാസാലാന ജനങ്ങളുടെ സന്മാർത്തിന് വളരെ അത്യാവശ്യമായ കാര്യമാണ്.' അദ്ദേഹം പറയുന്നു: 'ഖലീഫത്തുൽ മസീഹിന്റെ ഖുത്ബകൾ വളരെ ലളിതമായ ഭാഷയിലാണെങ്കിലും വർത്തമാനകാലത്തെ കുറിച്ച് മഹത്തായൊരു സന്ദേശമുൾക്കൊള്ളുന്നതാണ്.സ്വാഭാവപരമായ എല്ലാ നിയമങ്ങളേയും ചവുട്ടിമെതിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന ഇക്കാലത്ത് ലോകത്തോടു പറയുന്നു, ഇക്കൂട്ടർ മനുഷ്യരുടെ അവകാശം കൊടുപ്പിക്കുമെന്ന്! ലോകത്തെ രക്ഷിക്കുമെന്ന്! പക്ഷേ, ഇന്നുളളവർ അതിന്റെ ചട്ടങ്ങൾ യഥാർഥത്തിൽ 1500 വർഷം മുമ്പേ നബി(സ)തിരുമേനി സ്ഥാപിച്ചിട്ടുള്ളതാണെന്ന കാര്യം മറന്നുപോയിരിക്കുന്നു. അതിന്റെ ധ്വജവാഹകർ ഇന്ന് അഹ്മദിയ്യാ ജമാഅത്താണ്. ഇപ്രാവശ്യം ജൽസസാലാനയിൽ കണ്ട ദൃശ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്തും ഹ്യൂമാനിറ്റിഫസ്റ്റും ആഫ്രിക്കയിലെ ദരിദ്രപ്രദേശങ്ങളിൽ ചെയ്യുന്ന സേവനപ്രവർത്തനങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചു. ആ കുട്ടികളുടെ കുഴിഞ്ഞിരിക്കുന്ന കണ്ണുകളും അവരുടെ കോലങ്ങളും ജാവിതം തേടുന്നവയാണ്. വെള്ളം ജീവിതമാണ്. അതിനെ അവർ ആദ്യമായി എത്രമാത്രം മധുര്യത്തോടെയാണ് രുചിക്കുന്നത്?

ജൽസയുടെ അവസരത്തിൽ ആശംസകൾ നേർന്നുകൊണ്ടുള്ള സന്ദേശങ്ങൾ വായിച്ചു കേൾപ്പിക്കപ്പെട്ടു. അത് യു.കെ. കൂടാതെ 9 രാജ്യങ്ങളിൽനിന്നുള്ള പ്രധാനപ്പെട്ട വ്യക്തികളുടെ 109 സന്ദേശങ്ങളായിരുന്നു. അവയിൽ വീഡിയോ സന്ദേശങ്ങളുണ്ട്, ഓഡിയോ സന്ദേശങ്ങളുണ്ട്. എഴുത്തിലൂടെയുള്ള സന്ദേശങ്ങളുണ്ട്. യു.കെ. കൂടാതെ സന്ദേശങ്ങൾ അയച്ച രാജ്യങ്ങളിൽ യു.എസ്.എ, സിയറ ലിയോൺ, ഗാമ്പിയാ, സെനിഗൾ, കെനിയ, സ്പെയിൻ, ഹോളണ്ട്, ജർമനി തുടങ്ങിയ രാജ്യങ്ങൾ പെടുന്നു. അവരിൽ യു.കെ. പ്രധാനമന്ത്രി, യു.കെ.യിലെ ലിബ്റൽ പാർട്ടി ലീഡർ തുടങ്ങി ധാരാളം രാഷ്ട്രീയ നേതാക്കളുമുണ്ട്. 8 മന്ത്രിമാർ, 11 ഉപമന്ത്രിമാർ, 4 മുൻ സ്റ്റേറ്റ് സെക്രട്ടറിമാർ, ലണ്ടൻ പോലീസ് കമ്മീഷണർ, 6 നാഷണൽ മതനേതാക്കൾ 13 മേയർമാരുടെ സന്ദേശങ്ങളും ലഭിച്ചു. വിവിധ മേഖലകളുമായി ബന്ധം വെക്കുന്ന പ്രഗത്ഭമതികളുടെ സന്ദേശങ്ങളും ലഭിക്കുകയുണ്ടായി.

എംടിഎ ആഫ്രിക്കയുടെ റിപ്പോർട്ട് ഇങ്ങനെയാണ്. കഴിഞ്ഞ വർഷങ്ങളിലെ പോലെ ഈ വർഷവും എംടിഎ ആഫ്രിക്ക മുഖേന ആഫ്രിക്ക മുഴുവനും ജൽസാ സാലാന കാണുകയും കേൾക്കുകയും ചെയ്തു. ഇതിനു പുറമെ ചില പ്രാദേശിക ചാനലുകളും പരിപാടികൾ കാണിച്ചിരുന്നു.

ലൈബീരിയയിൽനിന്ന് അബ്ദുല്ലാഹ് എന്ന് പേരുള്ള ഒരു അനഹ്മദി സഹോദരൻ പറയുന്നു: 'അഹ്മദി മുസ്‌ലിമീങ്ങളും മറ്റുള്ള മുസ്‌ലിമീങ്ങളും തമ്മിലുള്ള വ്യത്യാസം മനസിലാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ ജൽസയുടെ പ്രോഗ്രാമുകൾ കാണാൻ തുടങ്ങിയത്. കൂടാതെ അഹ്മദിയ്യ ജമാഅത്തിനെ കുറിച്ച് അനഹ്മദി പണ്ഡിതന്മാർ പറയുന്നതിന്റെ യാഥാർഥ്യം എനിക്ക് വ്യക്തമാകണമായിരുന്നു. ജൽസ കണ്ടതിനു ശേഷം ഇതെല്ലാം ജമാഅത്തിനെതിരെ നടത്തപ്പെടുന്നത് തെറ്റായ പ്രചാരണങ്ങളാണെന്ന് എനിക്ക് പരിപൂർണമായി ബോധ്യമായി. എല്ലാം കളവാണ്. യഥാർഥത്തിൽ അഹ്മദിയ്യ ജമാഅത്തിലൂടെ ഇസ്‌ലാമിന്റെ സന്ദേശമാണ് ലോകം മുഴുവൻ എത്തുന്നത്. മറ്റുള്ളവർക്കും ഈ യാഥാർഥ്യം ബോധ്യപ്പെടുത്തി കൊടുക്കുക എന്നത് എന്റെ ഉത്തരവാദിത്വമായി മനസ്സിലാക്കുന്നു. അതായത് അഹ്മദിയ്യ ജമാഅത്ത് മാത്രമാണ് യഥാർഥത്തിൽ ദീനുൽ ഇസ്‌ലാമിന്റെ പ്രചാരണം നടത്തുന്നത്.

ലൈബീരിയയിൽനിന്ന് വന്ന അനഹ്മദി സുഹൃത്തും പറയുന്നത് ഇതാണ്. 'മത സൗഹാർദ്ദം എന്ന നിലക്ക് ജൽസയുടെ പ്രോഗ്രാമുകൾ കാണാൻ പങ്കെടുക്കുകയുണ്ടായി. സ്റ്റേജിന്റെ ബാനറിൽ എഴുതിയ ഖുർആൻ ആയത്ത് വായിച്ചപ്പോൾ എനിക്ക് വളരെ അത്ഭുതം തോന്നി. അഹ്മദികളെ കുറിച്ച് അനഹ്മദി പണ്ഡിതന്മാർ പ്രചരിപ്പിച്ചിട്ടുള്ളത് അഹ്മദികൾ നബി(സ) തിരുമേനിയെ ഖാതമുന്നബിയ്യീനായി അംഗീകരിക്കുന്നില്ലെന്നാണ്. നബി തങ്ങളെ ആദരിക്കുന്നുമില്ല. എന്നാൽ, അതിന് വിപരീതമായി അഹ്മദികൾ ലോകം മുഴുവൻ നബി(സ) തിരുമേനിയോടുള്ള സ്നേഹം പ്രചരിപ്പിക്കുന്നു. അഹ്മദിയ്യ ജമാഅത്തിന്റെ ഖലീഫ പ്രഭാഷണത്തിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളും തുടർച്ചയായി നബി(സ) തിരുമേനിയെ കുറിച്ചു പ്രതിപാദിച്ചതും നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റെ വ്യക്തമായ തെളിവാണ്.

ഇനി പ്രസ്സ് മീഡിയയെ കുറിച്ചുള്ള വിവരണമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രസ് ആൻഡ് മീഡിയ മുഖേനയും രീല്യമഴല ഉണ്ടായി. ബിബിസി തങ്ങളുടെ റീജ്യണൽ ടിവിയിൽ വാർത്ത നൽകിയിരുന്നു. ബിബിസി സൗത്ത് ഒരു ഡോകുമെന്ററി പ്രദർശിപ്പിക്കുകയുണ്ടായി. ബിബിസി world റിപ്പോർട്ട് നൽകുകയുണ്ടായി. അത് 200 രാജ്യങ്ങളിലാണ് കാണപ്പെടുന്നത്. അതുകൂടാതെ ബിബിസി നാഷണൽ വാർത്ത ചാനലിലും ഈ വാർത്ത വന്നു. പുനസംപ്രേഷണവുമുണ്ടായിരുന്നു. കൃത്യമായി എത്ര പേരിലേക്ക് ഈ സന്ദേശം എത്തി എന്ന് പറയുന്നത് ബുദ്ധിമുട്ടാണെന്ന് പറയപ്പെടുന്നു. എങ്കിലും ഒരു അനുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ coverage ഏകദേശം 52 മില്യൺ ജനങ്ങളിലേക്ക് ആയിരുന്നു. 40 വെബ്സൈറ്റുകൾ ജൽസ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 16 September 2021 Issue-37

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

യുടെ വാർത്ത നൽകി. അവരുടെ വായനക്കാരുടെ എണ്ണം 27 മില്യൺ ആളുകളാണ്. 20 പത്രങ്ങളിൽ ജൽസയെ കുറിച്ചുള്ള ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. അവയുടെ വായനക്കാരുടെ എണ്ണം 7,35,000 ആണ്. ജൽസയെ കുറിച്ച് 16 റേഡിയോ പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്യപ്പെട്ടു. 16 മില്യൺ ജനങ്ങളിലേക്ക് സന്ദേശം എത്തി. അതേപോലെ 12 ടീവി ചാനലുകൾ ജൽസയുടെ വാർത്ത സംപ്രേഷണം ചെയ്തു. അതിന്റെ coverage 22 ലക്ഷം ജനങ്ങളിലേക്കാണ്. ഈ മാർഗങ്ങക്കെല്ലാം പുറമെ സോഷ്യൽ മീഡിയ മുഖേനയും ഏകദേശം 63 ലക്ഷം ജനങ്ങളിലേക്ക് സന്ദേശം എത്തി. ധാക്കയിലെ അമീർ സാഹിബ് ബംഗ്ലദേശിൽ നിന്നു എഴുതുന്നു. 'ധാക്കയിലെ കേന്ദ്രത്തിലെ മസ്ജിദിൽ ലൈവ് സ്ട്രീമിംഗ് വഴി ആളുകൾ പങ്കെടുക്കുകയുണ്ടായി. പറയുന്നു, റിപ്പോർട്ട് അനുസരിച്ച് 800 ൽ അധികം അനഹ്മദി അതിഥികൾ ജൽസയുടെ പ്രോഗ്രാമുകൾ കാണുകയും പ്രയോജനപ്പെടുത്തുകയും ചെയ്തു. വീണ്ടും പറയുന്നു: ബംഗ്ലാദേശിലെ 10 ഓൺലൈൻ portകളിലും പത്രങ്ങളിലും ജൽസയുടെ വാർത്തകൾ ഫോട്ടോ സഹിതം പ്രസിദ്ധപ്പെടുത്തി. ഇതിൽ മൂന്നെണ്ണംവളരെയധികംപ്രശസ്തമായതുംഅറിയപ്പെടുന്നതുമാണ്. വളരെ സൂക്ഷ്തയോടെ എടുത്ത കണക്കനുസരിച്ചു പത്രങ്ങളിലൂടെ 54 ലക്ഷം ആളുകൾ ഈ വാർത്ത വായിച്ചു

എം.ടി.എ മുഖേനയും കവറേജ് ഉണ്ടായി. യൂട്യൂബിൽ 15 മില്ലിയനിലധികം പേർ സന്ദർശിച്ചു. ഏകദേശം 15 മില്യനിലധികമാളുകൾ യൂട്യൂബിലൂടെ എം.ടി.എ കാണുകയുണ്ടായി. ഇൻസ്റ്റാഗ്രാമിൽ 35,000 പേർ എം.ടി.എ യുടെ പേജ് കാണുകയുണ്ടായി. 1.97 മില്യൺ ആളുകളിലേക്ക് അത് എത്തുകയുണ്ടായി. ടിറ്ററിൽ ഒരു ലക്ഷത്തിലധികം പേർ എം.ടി.എ യുടെ പേജ് കാണുകയുണ്ടായി. 35000 ൽ അധികം പേർ അത് ഇഷ്ടപ്പെടുകയും ചെയ്തു. മറ്റുള്ളവർക്ക് അത് എത്തിച്ചു കൊടുക്കുകയും ചെയ്തു. ഫേസ്ബുക്കിലൂടെയും അഞ്ചര ലക്ഷം പേരിലേക്ക് സന്ദേശം എത്തുകയുണ്ടായി. അതേപോലെ എം.ടി.എ യുടെ വെബ്സൈറ്റ് ഒരു ലക്ഷം പ്രാവശ്യം കാണുകയുണ്ടായി. എം.ടി.എ on demand വഴിയും 2 ലക്ഷത്തിൽ കൂടുതൽ സഹോദരങ്ങൾ ജൽസ വീക്ഷിക്കുകയുണ്ടായി.

അപ്പോൾ ഇത് ചുരുങ്ങിയ ചില കാര്യങ്ങളാണ്. ഇതിനും ഒരുപാട് സമയമെടുത്തു. അല്ലാഹു ഈ ജൽസയുടെ മറ്റു ഫലങ്ങളും സൃഷ്ടിക്കുമാറാകട്ടെ. സത്യഹൃദയർക്ക് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിലേക്ക് മുമ്പേയുള്ളതിനെക്കാളുപരി ശ്രദ്ധിക്കാൻ കഴിയുമാറാകട്ടെ. നാമാധാരികളായ മുല്ലാക്കളിൽ നിന്ന് ജമാഅത്തിനെയും എല്ലാ സത്യഹൃദയരെയും സംരക്ഷിക്കുമാറാകട്ടെ.

വിവർത്തനം: പി.കെ.അംനാസ്

****

പേജ് 1 ൽ നിന്ന്

തന്നെയായിരുന്നു. നബി(സ)തിരുമേനി തന്റെ സഖാക്കളോടൊപ്പം ശിഅ്ബ് അബീത്വാലിബിൽ തടവുകാരായിരുന്നു. മുസ്‌ലിമീങ്ങൾക്ക് തങ്ങളുടെ സംരക്ഷണത്തിന് സ്ഥലമൊന്നും ലഭിച്ചിരുന്നില്ല. അത്തരം നേരത്ത്, മലക്കുകളുടെ ആവശ്യമെന്തിനാണ്, നാം തന്നെ ഇതിനെ സംരക്ഷിക്കുമെന്നുള്ള അല്ലാഹുവിന്റെ ഈപറച്ചിൽ ശക്തവും ഗാംഭീര്യഭരിതവുമായ വാദമാണ്. ഇന്നാ നഹ്നു നസ്സൽനദ്ദിക്‌റ വഇന്നാ ലഹൂ ലഹാഫിള്ളൂൻ എന്ന വാക്യത്തിന്റെ ശക്തി നല്ലവണ്ണം മനസ്സിലാക്കുന്നവർ അറബി ഭാഷ അറിയുന്നവരായിരുന്നു. മുസ്‌ലിമീങ്ങൾ സ്വയം ശത്രുക്കളാൽ വളയപ്പെടുകയും അവരുടെ ജീവൻതന്നെ അപകടത്തിലാകുകയും ചെയ്തിരുന്ന ഘട്ടത്തിൽ നിങ്ങൾ മുഴവൻശക്തിയും ചെലുത്തുകയും വിശുദ്ധഖുർആനിനെ ഉന്മൂലനം ചെയ്യാൻ സകല ശക്തിയും ചെലവഴിക്കുകയും ചെയ്തുകൊള്ളുക എന്നും നാം സ്വയം ഇതിനെ സംരക്ഷിക്കുമെന്ന് പറയുകയും ചെയ്യുന്നത് അത്ഭുതകരമായ കാര്യമല്ലേ. പിന്നീട് ഒരു ദിവസംവരുന്നു, ആ എതിരാളികൾ ഉണ്ടായിരുന്നിട്ടും നബി(സ)തിരുമേനിയും അവിടത്തെ സഖാക്കളും സ്വതന്ത്രരാകുന്നു. നബി(സ)തിരുമേനിക്ക് അഭിവൃദ്ധി കൈവരുന്നു. വമ്പിച്ചൊരു ജമാഅത്ത് ആ മഹാത്മാവിനോടൊപ്പം ആയിത്തീരുന്നു. വിശുദ്ധഖുർആനിന്റെ പൂർണസംരക്ഷണം നടക്കുകയും ചെയ്യുന്നു. ഇന്നും നടന്നുകൊണ്ടിരിക്കുന്നു. നടന്നുകൊണ്ടിരിക്കുകയും ചെയ്യും. ഈ അതുല്യമായ സംരക്ഷണം ലോകത്തിലെ മറ്റേതെങ്കിലും ഗ്രന്ഥത്തിന് കരസ്ഥമായിട്ടുണ്ടോ? സർവില്യം മ്യൂർ തന്റെ ഗ്രന്ഥമായ ലൈഫ് ഓഫ് മുഹമ്മദിൽ ചർച്ചയ്ക്കുശേഷം എഴുതി:

"മുഹമ്മദു(സ)നമുക്കു നല്കിയിരുന്ന അതേ ഖുർആൻതന്നെയാണ് ഇതെന്നതിന് ഒരു സംശയവുമില്ല. ശക്തമായ ന്യായാധികരണളുടെ അടിസ്ഥാനത്തിൽ നമുക്ക് പറയാൻ സാധിക്കും, വിശുദ്ധ ഖുർആനിലുള്ള എല്ലാ ഓരോ ആയത്തുകളും അടിസ്ഥാനപരമായുള്ളതും മാറ്റത്തിരുത്തലുകൾളുണ്ടായിട്ടില്ലാത്ത മുഹമ്മദിന്റെ(സ)ഗ്രന്ഥവുമാണ്. അതിന് നമ്മുടെ അടുത്ത് എല്ലാതരത്തിലുള്ള ജാമ്യവുമുണ്ട്; ആന്തരികമായ തെളിവിന്റേയും ബാഹ്യമായ ഈ തെളിവിന്റേയും!നമ്മുടെ പക്കലുള്ള ഈ ഖുർആൻ മുഹമ്മദ്(സ)സമർപ്പിച്ചിരുന്നതും ഉപയോഗിച്ചിരുന്നതും തന്നെയാണ്."

നോൾഡിക്കിന്റെ വാക്യമുണ്ട്: 'എഴുത്തിന്റെ എന്തെങ്കിലും നിസാരമായ പിഴവുകളുണ്ടായേക്കാം. പക്ഷേ, ഏതൊരു ഖുർആനാണോ ഉഥ്മാൻ ലോകത്തിന്റെ മുമ്പിൽ സമർപിച്ചിരുന്നത് അതിലെ വിഷയം മുഹമ്മദ്(സ)സമർപിച്ചിരുന്നതു തന്നെയായിരുന്നു. അതിന്റെ ക്രമീകരണം അത്ഭുതാവഹമാണ്. ഖുർആനിൽ, പിന്നീടുള്ള കാലത്ത് ചില മാറ്റളുണ്ടായിട്ടുണ്ടെന്ന് സ്ഥാപിക്കാനുള്ള യൂറോപ്യൻ പണ്ഡിതന്മാരുടെ ശ്രമം തികച്ചും പരാജയമായി സ്ഥാപിക്കപ്പെട്ടു.'

വിശുദ്ധ ഖുർആൻ നിരക്ഷരരിൽ അവതരിക്കുകയും എല്ലാ രീതിയിലും സുരക്ഷിതമായിരിക്കുകയും ചെയ്യുന്നത് അത് അല്ലാഹുവിൽനിന്നുള്ളതാണെന്നതിന് എത്രവലിയ തെളിവാണ്. എന്നാൽ, തൗറാത്തും ഇഞ്ചീലും അതിന്റെ കാലഘട്ടത്തിലെ അറിവുള്ള ജനതകളിൽവന്നു. പക്ഷേ, സുരക്ഷിതമായി നിലനിന്നില്ല. മ്യൂർ ഇതുസംബന്ധമായി എത്രമാത്രം ദുഃഖത്തോടെയാണ്എഴുതുന്നത്: 'മുസ്‌ലിമീങ്ങളുടെ തികച്ചും പരിശുദ്ധവും മാറ്റത്തിരുത്തലുകളുണ്ടാകാത്തതുമായ ഗ്രന്ഥവും നമ്മുടെ ഗ്രന്ഥങ്ങളുടെ വിവിധപതിപ്പുകളിലുള്ള ഭിന്നതകളും തമ്മിൽ താരതമ്യം ചെയ്താൽ അത് ഒരു സാദൃശ്യവുമില്ലാത്ത രണ്ടുവസ്തുക്കൾ തമ്മിൽ തട്ടിച്ചുനോക്കുന്നതുപോലെയായിരിക്കും.'

ഇനിയുള്ള പ്രശ്നം വിശുദ്ധ ഖുർആൻ ഇന്നുവരെ മുഹമ്മദ്(സ)ന് ഇറങ്ങിയതുപോലെ നിലകൊള്ളുന്നത് യാദൃച്ഛികമാണോ? എന്നതാണ്. ഇസ്‌ലാമിക ചരിത്രം പറയുന്നത്, ഇത് യാദൃച്ഛികമല്ലെന്നാണ്. പ്രത്യുത അതിന്റെ ബാഹ്യമായ സംരക്ഷണം അൽകിതാബിന്റേയും ഖുർആൻ മുബീന്റേയും രണ്ടു മാർഗങ്ങൾ മുഖേനയാണ് നടക്കുന്നത്. അതിനെക്കുറിച്ച് ഈ സൂറത്തിന്റെ ആരംഭത്തിൽത്തന്നെ പറയപ്പെട്ടിരിക്കുന്നു. ആദ്യം ഇറക്കപ്പെട്ടതുമുതൽത്തന്നെ അതിലെ വചനങ്ങൾ എഴുതി സൂക്ഷിക്കാൻ തുടങ്ങി. അതിന്റെ സംരക്ഷണം നടന്നുവന്നു. പിന്നീട് അല്ലാഹു അതിന്റെ പ്രേമികളെ പ്രദാനം ചെയ്തു. അവർ അതിലെ ഓരോരോ വാക്കും മനഃപ്പാഠമാക്കുകയും രാവും പകലും സ്വയം പാരായണം ചെയ്യുകയും മറ്റുള്ളവരെ കേൾപ്പിക്കുകയും ചെയ്യുന്നു. അതിനു പുറമെ അല്ലാഹു വിശുദ്ധ ഖുർആനിലെ ഏതെങ്കിലും ഭാഗം നമസ്കാരങ്ങളിൽ പാരായണം ചെയ്യേണ്ടത് നിർബന്ധമാക്കി. അതിനു നിബന്ധന വെച്ചത് നോക്കി ഓതാൻ പാടില്ലെന്നാണ്. മറിച്ച് മനഃപ്പാഠമാക്കി ഓതുക. മുഹമ്മദ്(സ)ന് ഒരു കാര്യം തോന്നിയതാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ നമുക്കു ചോദിക്കാനുള്ളത്, ഇതേ കാര്യം പാഴ്സികൾക്കും മൂസായ്ക്കും മറ്റുവേദക്കാർക്കും എന്തുകൊണ്ട് തോന്നിയില്ല? എന്നാണ്. മനസ്സിലാകുന്നത് ഇത് ഓർമിപ്പിക്കുന്നവൻ മറ്റാരോ ആണെന്നാണ്. കൊളംബസ് അമേരിക്ക കണ്ടുപിടിച്ച് തിരിച്ചുവന്നപ്പോൾ ആളുകൾ പറഞ്ഞു, ഇതു വലിയ കാര്യമാണോ? ഞങ്ങൾ പോയിരുന്നെങ്കിൽ ഞങ്ങളും അമേരിക്ക കണ്ടുപിടിച്ച് തിരിച്ചുവരുമായിരുന്നു. എന്നാൽ, കൊളംബസ് അതിനു മറപടിയായി ഒരു മുട്ടകൊടുത്തുകൊണ്ടു പറഞ്ഞു:നിങ്ങൾ ഈ മുട്ട മേശമേൽ കുത്തിനിറുത്തുക. എല്ലാവരും ശ്രമിച്ചു. പക്ഷേ, ആർക്കും ആ മുട്ട കുത്തിനിറുത്താൻ കഴിഞ്ഞില്ല. അവസാനം കൊളംബസ് എഴുന്നേറ്റു. അദ്ദേഹം ഒരു സൂചികൊണ്ട് അതിൽ ഒരു ദ്വാരമുണ്ടാക്കി. അതിൽനിന്ന് പുറത്തുവന്ന പശയുടെ സഹായത്താൽ അതിനെ നേരെ നിറുത്തി. അപ്പോൾ ആളുകൾ പറഞ്ഞു: ഇതു വലിയ കാര്യമാണോ? ഇത് ഞങ്ങൾക്കും ചെയ്യാൻ കഴിയുമായിരുന്നു. കൊളംബസ് പറഞ്ഞു: അമേരിക്ക കണ്ടെത്തിയതിനെ സംബന്ധിച്ച് നിങ്ങൾ പറഞ്ഞത് നിങ്ങൾക്ക് അവസരം കിട്ടിയില്ലെന്നാണ്. എന്നാൽ, ഇതു സംബന്ധിച്ച് നിങ്ങൾക്ക് അവസരം കിട്ടിയിരുന്നു, എന്തുകൊണ്ട് നിങ്ങൾ നിങ്ങളുടെ ബുദ്ധി ഉപയോഗിച്ചില്ല.' ഇതുപോലെ ഞങ്ങളും ചോദിക്കുന്നു, വിശുദ്ധഖുർആനിന്റെ സംരക്ഷണത്തെ സംബന്ധിച്ച് ഉപയോഗിക്കപ്പെട്ടിരിക്കുന്ന ആ മാർഗങ്ങൾ വിശുദ്ധ ഖുർആൻ അവതരിപ്പിച്ച ആൾക്കു മാത്രം എന്തുകൊണ്ട് തോന്നി, മറ്റുള്ള സംഘങ്ങൾ അതെന്തുകൊണ്ട് ഉപയോഗിച്ചില്ല.

ഇതും ഓർക്കേണ്ടതാണ്. മനഃപ്പാഠമാക്കുകയും നമസ്കാരങ്ങളിൽ അത് പാരായണം ചെയ്യുകയും ചെയ്യുന്ന ആളുകളെ ലഭ്യമാക്കുക എന്നത് നബി(സ) തിരുമേനിയുടെ കഴിവിൽപ്പെട്ടതായിരുന്നില്ല. അവരെ ലഭ്യമാക്കുക എന്നത് അവിടത്തെ ചുമതലയ്ക്കതീതമായിരുന്നു. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, ഇന്നാ നഹ്നു നസ്സൽനദ്ദിക്‌റ വഇന്നാ ലഹൂ ലഹാഫിള്ളൂൻ ഇതിനെ മനഃപ്പാഠമാക്കുന്ന അത്തരക്കാരെ നാം സൃഷ്ടിച്ചുകൊണ്ടിരിക്കും. ഈ വിളംബരത്തിനുശേഷം ഇന്ന് 1300 വർഷം കഴിഞ്ഞിരിക്കുന്നു. വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കിയിരുന്ന കോടിക്കണക്കിനാളുകൾ കഴിഞ്ഞു കടന്നിരിക്കുന്നു. ഇത്രവലിയ ഖുർആൻ ആർക്കാണ് മനഃപ്പാഠമാക്കാൻ കഴിയുകയെന്ന് വിവരമില്ലായ്മകൊണ്ട് ചില യൂറോപ്യൻകാർ ചോദിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, മനഃപ്പാഠമാക്കിയ നിരവധിപേരെ ഖാദിയാനിൽത്തന്നെ കിട്ടുന്നതാണ്. അവർക്ക് നല്ലവണ്ണം വിശുദ്ധ ഖുർആൻ മനഃപ്പാഠമാണ്. എന്റെ മൂത്തമകൻ നാസ്വിർ അഹ്മദ് സല്ലമഹുല്ലായും 11-ാമത്തെ വയസ്സിൽ വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കിയതാണ്. യഥാർഥകാര്യമെന്താണെന്നാൽ അല്ലാഹു വിശുദ്ധ ഖുർആനിനെ തന്റെ പ്രത്യേക നിയന്ത്രണത്താൽ സുഗമമായ നിലയിൽ മനഃപ്പാഠമാക്കാവുന്ന തരത്തിലുള്ള വാക്കുകളോടും ക്രമീകരണത്തോടുംകൂടിയാണ് ഇറക്കിയിരിക്കുന്നത്. ഖുർആൻ കവിതയല്ല. എന്നാൽ, കവിതയെക്കാൾ വേഗം അത് മനഃപ്പാഠമാകുന്നു. ഉർദുവിന്റേയും ഇംഗ്ലീഷിന്റേയും വാക്യങ്ങളെ അപക്ഷിച്ച് വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കുന്നതിന് പകുതി സമയം പോലും ചെലവാകുകയില്ല. (തഫ്സീറെ കബീർ വാള്യം 4, പേജ്15-18, ഖാദിയാൻ പ്രസിദ്ധീകരണം 2010)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin

...☆...☆☆...☆...